19

# ഹൃദയം പ്രതികാരത്തി നായി നിലവിളിക്കുമ്പോൾ

## (1 ശമുവേൽ 24- 26; 2 ശമുവേൽ 1)

ഈ പാഠം വായിക്കുന്ന എല്ലാവരെയും എനിക്കറിയില്ല, എന്നാൽ ഓരോ രുത്തരെയും കുറിച്ചു എനിക്കു ചിലതറിയാം – ഞാൻ ഇതുവരെ കണ്ടിട്ടില്ലാ ത്തവരെ കുറിച്ചും എനിക്കറിയാം: ആരെങ്കിലും കാരണം നിങ്ങളിൽ ഓരോ രുത്തരും ഉപദ്രവം ഏറ്റിട്ടുണ്ട്. അതു വർഷങ്ങൾക്കു മുൻപാകാം, അല്ലെ ങ്കിൽ ഇന്നലെ എന്നപോലെ അടുത്ത സമയത്താകാം, എങ്കിലും നിങ്ങൾ ഉപദ്രവിക്കപ്പെട്ടിട്ടുണ്ട്. ഒരുപക്ഷെ ഒരു സ്നേഹിതൻ വിശ്വാസത്തെ തള്ളി പ്പറഞ്ഞിരിക്കാം. ഒരുപക്ഷെ ഒരു അദ്ധ്യാപകൻ, പരിശീലകൻ, അല്ലെങ്കിൽ മേലുദ്യോഗസ്ഥൻ നിങ്ങളോടു മോശമായി പെരുമാറിയിരിക്കാം. ഒരുപക്ഷെ കുടുംബത്തിലെ തന്നെ ആരെങ്കിലും നിങ്ങളെ അപമാനിച്ചിരിക്കാം. ഒരു പക്ഷെ നിങ്ങളുടെ പരിചയക്കാരൻ നിങ്ങളെ മുതലെടുത്തിരിക്കാം. ഒരു പക്ഷെ നിങ്ങളുടെ പങ്കാളി നിങ്ങളെ വിട്ടു പോയിരിക്കാം. ഒരുപക്ഷെ ഒരു ശത്രു നിങ്ങളുടെ ജീവിതം നശിപ്പിക്കുവാൻ ശ്രമിച്ചിരിക്കാം. നമ്മളെല്ലാം ഒരേ തരത്തിലായിരിക്കയില്ല ഉപദ്രവിക്കപ്പെടുന്നത്, പക്ഷെ നാമെല്ലാം ഉപദ്ര വിക്കപ്പെട്ടിട്ടുണ്ട്.

ആരിൽനിന്നെങ്കിലും നിങ്ങൾക്കുണ്ടായിട്ടുള്ള ഏറ്റവും വലിയ ഉപദ്ര വത്തെ, ഒരു നിമിഷം ഒന്നോർക്കുക. നിങ്ങളുടെ ഹൃദയത്തിനേറ്റ വൃണത്തെ ഒന്നു ചിന്തിച്ചു നോക്കുക. ആ മുറിപ്പെടുന്ന നിമിഷം ഒരു തിളങ്ങുന്ന ലോഹ പ്പെട്ടിയുമായി ഞാൻ നിങ്ങളുടെ അടുക്കൽ എത്തുന്നു എന്നു വിചാരിക്കു ക. ആ പെട്ടിയുടെ മുകളിൽ ഒരു ചുവന്ന ബട്ടണുണ്ട്. ഞാൻ നിങ്ങളോടു പറയുകയാണ്, “നിങ്ങൾ ആ ബട്ടൺ അമർത്തിയാൽ, നിങ്ങളെ ഉപദ്രവിച്ച വ്യക്തിക്കു നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന അതേ വേദന അനുഭവപ്പെടും. നിങ്ങൾ ബട്ടണിൽ അമർത്തിയോ ഇല്ലയോ എന്നു നിങ്ങൾക്കു മാത്രമെ അറി യാവൂ.” ഇതു പറഞ്ഞിട്ടു ഞാൻ നടന്നു നീങ്ങുന്നു. ഞാൻ ഒന്നു ചോദി ക്കട്ടെ: നിങ്ങൾ അനുഭവിച്ച വേദന ഓർക്കുമ്പോൾ, നിങ്ങൾ ബട്ടൺ അമർത്തുകയില്ലേ?

ഒരു കാര്യം തീർച്ചയാണ്: നമുക്കു ചുറ്റുമുള്ള ലോകം അത്യുച്ചത്തിൽ നിലവിളിക്കുന്നു, “ബട്ടൺ അമർത്തുക! ബട്ടൺ അമർത്തുക!” ബംബർ സ്റ്റിക്കേഴ്സ് നിലവിളിക്കും: “ഐ ഡോണ്ട് ഗെറ്റ് മാഡ്; ഐ ഗെറ്റ് ഈവൻ.” സിനിമാ തിരശ്ശീലയും നിലവിളിക്കും: “ഗോ എഹെഡ്. മേക്ക് മൈ ഡേ!” റ്റിവി വ്യവസായികളും നിലവിളിക്കും: “നിങ്ങൾ ഉപദ്രവിക്കപ്പെട്ടില്ലേ? അറ്റോർണി ഐ.എം.എ. സ്വിൻഡ്ലറെ വിളിക്കുക അവർക്കുള്ള ശമ്പളം

ഞങ്ങൾ കൊടുത്തോളാം!"[1] ലോകം എല്ലായിടത്തും പ്രതികാരത്തിനായി മുറവിളി കൂട്ടുന്നു; എതിരാളികളോടു പകരം വീട്ടുന്നവരാണ് നമ്മുടെ നായകന്മാർ. (മറ്റെ ചെകിടു[2] കാണിച്ചു കൊടുത്തു "ഒരു നായകൻ" എന്നു വിളിച്ചിരുന്ന ഒരാളെ അവസാനമായി നിങ്ങൾ കണ്ടതു എപ്പോഴാണ്?)

അതു വിഷമമാണ്, അല്ലേ? നമ്മെ കുറ്റപ്പെടുത്തുമ്പോൾ, അപമാനിക്കുമ്പോൾ, ദുർവിനിയോഗിക്കുമ്പോൾ, നമ്മുടെ ഹൃദയം സ്വാഭാവികമായി പ്രതികാരത്തിനുവേണ്ടി ദാഹിക്കും. പ്രതികാര ബട്ടൺ അമർ ത്തുക എന്നതാണ് നമ്മുടെ സ്വാഭാവിക പ്രതികരണം. എങ്ങനെയായാലും, ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച്, ചോദ്യമിതാണ് "*ദൈവം* എന്നെ ബട്ടൺ അമർത്തുവാൻ അനുവദിക്കുന്നുണ്ടോ?" മറ്റൊരു ചോദ്യം "അവൻ അതിനു അനുവദിക്കുന്നില്ലെങ്കിൽ, അങ്ങനെ ചെയ്യണം എന്ന ശക്തമായ ആഗ്രഹത്തെ ഞാൻ എങ്ങനെ കൈകാര്യം ചെയ്യും?" ദാവീദിന്റെ ജീവിതത്തെ കുറിച്ചുള്ള നമ്മുടെ പഠനത്തിൽ നിന്നു ചുരുങ്ങിയതു ഭാഗികമായിട്ടാണെങ്കിലും ഉത്തരങ്ങൾ മനസിലാക്കാം. നമ്മുടെ മുഖ്യവേദഭാഗം 1 ശമുവേൽ 24-26 ആണ്. ഈ അദ്ധ്യായങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വിഷയം പ്രതികാരമാണ്. നമ്മെ ഉപദ്രവിച്ചവരെ ഉപദ്രവിക്കുവാനുള്ള നമ്മുടെ വ്യഗ്രതയെ കൈകാര്യം ചെയ്യുവാൻ സഹായിക്കുന്ന നാലു നിർദ്ദേശങ്ങൾ ഈ വേദഭാഗങ്ങളിൽ നിന്നും 2 ശമുവേൽ 1-ൽ നിന്നും ഞാൻ അവതരിപ്പിക്കുന്നു.

## ഉറവിടം പരിഗണിക്കുക
## (1 ശമുവേൽ 24)

കുറച്ചു വർഷങ്ങൾക്കു മുൻപു, ഞാനും എന്റെ ഭാര്യയും ചേർന്നു വേറൊരു ദമ്പതിയെ സന്ദർശിക്കുവാൻ പോയപ്പോൾ ആരോ ഒരു അഭിപ്രായം ഓർമ്മിപ്പിച്ചത് സൂചിപ്പിക്കുന്നത് അതു പറഞ്ഞ ആളിന് എന്നെ ഇഷ്ടമല്ല എന്നാണ്. ആ അഭിപ്രായപ്രകടനം ചിരിയാണുണ്ടാക്കിയത്. ആരോ പറഞ്ഞു, "അതിന്റെ ഉറവിടത്തെ ഒന്നു പരിഗണിക്കുക"; പിന്നെ ഞങ്ങൾ കൂടുതൽ ആത്മികവർദ്ധനക്കുള്ള വിഷയങ്ങൾ സംസാരിച്ചു.

മിക്കവാറും നിങ്ങൾ കുട്ടിയായിരുന്നപ്പോൾ, നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളോടു നിങ്ങളെ കുറിച്ചു ആരെങ്കിലും ദയവില്ലാതെ സംസാരിച്ചതിനെ കുറിച്ച് ഒരിക്കലെങ്കിലും പറഞ്ഞപ്പോൾ, അവർ പ്രതികരിച്ചിരിക്കാം, "അതിന്റെ ഉറവിടത്തെക്കുറിച്ചു പരിഗണിക്കുകയും - അതു മറക്കുകയും ചെയ്യുക." അവരുടെ പോയിന്റ് എന്തെന്നാൽ, ദയയില്ലാത്ത വാക്കുകൾ പറഞ്ഞ ആളിനെ നിങ്ങൾ ഗൗരവമായി എടുത്താൽ, നിങ്ങൾ വിഷമിക്കുവാൻ തക്ക ഒന്നല്ല അത് എന്നു നിങ്ങൾക്കു കാണാം എന്നാണ്.

ഈ തത്വം ദാവീദിന്റെ സാഹചര്യത്തിൽ പ്രായോഗികമാക്കുക. അവന്റെ കുഴപ്പങ്ങൾക്കെല്ലാം കാരണം ആരായിരുന്നു? താറുമാറായ രാജാവു തന്നെയാണ് അവന്റെ ഏറ്റവും മോശമായ ശത്രു.[3]

നാം കഴിഞ്ഞ തവണ നമ്മുടെ കഥ നിർത്തിയപ്പോൾ കണ്ടത്, ദാവീദും കൂട്ടരും ശൗലിന്റെ കയ്യിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ടതാണ്. ഫെലിസ്ത്യരെ ആക്രമിക്കുവാൻ ശൗൽ പോയശേഷം, "ദാവീദ് പുറപ്പെട്ടു [മാവോൻ പർവ്വതത്തിൽ] നിന്നു പോയി എൻഗെദി ദുർഗ്ഗങ്ങളിൽ ചെന്നു പാർത്തു" (1 ശമുവേൽ 23:29).

യെരുശലേമിന്റെ ഏതാണ്ട് മുപ്പത്തി - അഞ്ചു മൈൽ തെക്കു പടിഞ്ഞാ

റായി, ചാവു കടലിന്റെ കിഴക്കൻ തീരത്തിന്റെ താഴേക്കുള്ള വഴിമദ്ധ്യേ സ്ഥിതി ചെയ്തിരുന്ന സ്ഥലമായിരുന്നു എൻഗെദി. ആ സ്ഥലം സന്ദർശിച്ചിട്ടുള്ളവർക്ക റിയാം അതിന്റെ മനോഹാരിത. സമുദ്രനിരപ്പിൽനിന്നു അറുനൂറ് അടി മുക ളിലുള്ള ഒരു ഉറവയിൽനിന്നു ഒരു അരുവി പുറപ്പെട്ടു മരുഭൂമിയിലേക്കു ഒഴുകുന്നുണ്ട്. സ്ഫടികതുല്യമായ ജലാശയങ്ങൾ, അഞ്ചു വെള്ളച്ചാട്ടങ്ങൾ, പച്ചിലപ്പടർപ്പുകൾ, നിറമുള്ള പുഷ്പങ്ങൾ എന്നിവ ആ സ്ഥലത്തിന്റെ പ്രത്യേ കതകളാണ്. കുത്തനെയുള്ള വഴിയിലൂടെ കാലുറപ്പിച്ചു മാത്രമെ മരുപ്പച്ച യിൽ എത്താൻ കഴിയൂ. ഇവിടെയാണ് ദാവീദും കൂട്ടരും അവരുടെ ശരീ രവും ആത്മാവും കുറവു തീർത്തു സുരക്ഷിതമാക്കിയത്.

എങ്ങനെയായാലും, എഞ്ചെടിയിലെ ദാവീദിന്റെ "സുഖ വിശ്രമം" ചുരു ങ്ങിയ സമയത്തേക്കായിരുന്നു. അദ്ധ്യായം 24 തുടങ്ങുന്നു: "ശൗൽ ഫെലി സ്ത്യരെ പിൻതുടർന്നു, മടങ്ങി വന്നപ്പോൾ, 'ദാവീദ്, എൻഗെദി മരുഭൂമി യിൽ ഉണ്ട്' എന്നു അവന്നു, അറിവു കിട്ടി. അപ്പോൾ ശൗൽ എല്ലാ യിസ്രാ യേലിൽനിന്നും തിരഞ്ഞെടുത്തിരുന്ന മൂവായിരം പേരെ കൂട്ടിക്കൊണ്ടു, ദാവീ ദിനേയും അവന്റെ ആളുകളേയും തിരയുവാൻ പോയി" (24:1, 2).

അതു നമ്മെ ബൈബിളിലെ അമ്പരപ്പിക്കുന്ന ഒരു ഭാഗത്തിലേക്കു കൊണ്ടുപോകയാണ്: "അവൻ വഴിയരികെയുള്ള ഒരാട്ടിൻ തൊഴുത്തിങ്കൽ എത്തി, അവിടെ ഒരു ഗുഹ ഉണ്ടായിരുന്നു; ശൗൽ കാൽ മടക്കത്തിനു അതിൽ കടന്നു" (24:3). "ശൗൽ അവന്റെ പാദങ്ങൾ മൂടുവാൻ അതിൽ കടന്നു"[4] എന്നാണ് പ്രാരംഭ എബ്രായ ഭാഷയിൽ, അത് പ്രകൃതിയുടെ വിളിക്കു മറുപ ടിയായി പരുഷമായതു മൃദുവായി എബ്രായർ പറയുന്ന രീതിയാണ്.

"ആ ഗുഹക്കുള്ളിൽ ദാവീദും കൂട്ടരും ഇരിക്കുന്നുണ്ട്" എന്ന് ശൗൽ അറിയാതെ പോയി (24:3).[5] ഒരുപക്ഷെ ദാവീദ് ശൗൽ വരുന്നതറിഞ്ഞ് പല ഗുഹകളുള്ളതിലൊന്നിൽ തന്റെ ആളുകളെ ഒളിപ്പിക്കുവാൻ തീരുമാനിച്ചി രിക്കാം. (ആ ഭാഗത്തുള്ള വലിയ ഗുഹകൾക്ക് ദാവീദിന്റെ അറുനൂറു ആളു കളെയും – അതിൽ കൂടുതൽ പേരെയും ഉൾക്കൊള്ളാൻ കഴിയുന്നത്ര വലു പ്പമുണ്ടായിരുന്നു.)

ദാവീദിന്റെ ആളുകൾ ഉൽക്കണ്ഠാകുലരായിരുന്നു! അവർ ദാവീദിന്റെ ചെവിയിൽ മന്ത്രിച്ചു, "'ഇതാ; ഞാൻ നിന്റെ ശത്രുവിനെ നിന്റെ കയ്യിൽ ഏല്പിക്കും, നിനക്കു ബോധിച്ചപോലെ അവനോടു ചെയ്യാം' എന്നു, യഹോവ നിന്നോടു അരുളിച്ചെയ്ത ദിവസം, ഇതാ" (24:4). യഹോവയിൽ നിന്നുള്ള ആ വാഗ്ദാനം എനിക്കു കണ്ടെത്തുവാൻ കഴിഞ്ഞില്ല. ഏതെങ്കിലും സമയത്ത് ദൈവം ദാവീദിനോടു പറയുകയും അവൻ അതു തന്റെ ആളു കളോടു പറയുകയും ചെയ്തിരിക്കാം – ദാവീദ് ശൗലിനെ കൊല്ലുന്നതു ദൈവേഷ്ടമായിരിക്കുമെന്ന വിശ്വാസം നിശ്ചയമായും ദാവീദിന്റെ ആളുക ളിലുണ്ടായിരിക്കുവാനും സാധ്യതയുള്ളതിനാൽ, അവർ അത് എടുത്തു പറ ഞ്ഞു. വാക്കുകൾ കർത്താവിൽ അർപ്പിക്കുന്നതിൽ അവർ ആദ്യമോ അവ സാനമോ ആയിരുന്നില്ല.

പ്രതികാരത്തെ കുറിച്ചു കുറെ വസ്തുതകൾ കൂടെ നമുക്കു നോക്കാം: (1) ഉപദ്രവിക്കപ്പെട്ടയാൾ പ്രതികാരത്തിനു പറ്റിയ സാഹചര്യം നോക്കിയി രിക്കും. ഗുഹയിൽ കടന്ന ശൗലിനേക്കാൾ കുഴപ്പക്കാരനായ മറ്റൊരാൾ ഉണ്ടെന്നു തോന്നുന്നില്ല. ദാവീദിന്റെ ആളുകൾ, പ്രതികാരത്തിന്റെ ജഡിക ചിന്തകളാൽ, ഇതിനെ യഹോവ തന്ന അവസരമാണ് എന്നു കണ്ടതിൽ ഒട്ടും

അതിശയമില്ല. (2) നിങ്ങളെ ആരെങ്കിലും ഉപദ്രവിച്ചിട്ടുണ്ടെങ്കിൽ, നിങ്ങളു മായി അടുത്തു നില്ക്കുന്നവർ തരം കിട്ടിയാൽ "ഒന്നു കൊടുക്കാൻ നോക്കണം" എന്നു ഒരുപക്ഷെ പ്രോത്സാഹിപ്പിച്ചേക്കാം. ദാവീദിന്റെ ആളു കളെപോലെ, അവർക്ക് അതിനു നിരത്തുവാൻ പല കാരണങ്ങളുണ്ടാവും: "അവനെ ഒരു പാഠം പഠിപ്പിക്കണം"; "അവന്റെ മരുന്നിന്റെ രുചി എന്താ ണെന്ന് അവൻ സ്വയം അറിയട്ടെ"; "അവനെ അങ്ങനെ വെറുതെ വിട്ടാൽ നിങ്ങൾ നിങ്ങളെത്തന്നെ വിലമതിക്കുകയില്ല." ദാവീദിന്റെ ആളുകളെപോലെ, അവർ വേണമെങ്കിൽ ദൈവത്തെയും അതിലേക്കു വലിച്ചിഴക്കും: "എങ്ങ നെയും, ദൈവം നിങ്ങൾക്ക് ചില അവകാശങ്ങൾ നൽകിയിട്ടുണ്ട്"; "നിങ്ങൾ ഒരു പാവയെപോലെ പ്രതികരിക്കുവാൻ ദൈവം ഒരിക്കലും ആഗ്രഹിക്കുക യില്ല!"

ഇവിടെ സംഭവം അപ്രതീക്ഷിതമായി മറ്റൊരു രീതിയിലേക്കു തിരിയു ന്നു. 24:4–ന്റെ അവസാനം പറയുന്നു, "അപ്പോൾ ദാവീദ് പതുക്കെ എഴു ന്നേറ്റു ശൗലിന്റെ മേലങ്കിയുടെ അറ്റം മുറിച്ചെടുത്തു." അത് ഒന്നു ഊഹിച്ചു നോക്കുക! ദാവീദിന്റെ ആളുകൾ ശൗലിനെ കൊല്ലുവാൻ അവനോടു അപേ ക്ഷിച്ചപ്പോൾ, ദാവീദ് കത്തിയുമെടുത്തു ആ ഇരുട്ടിൽ ശൗലിന്റെ അടു ത്തേക്കു പോയി. രാജാവിനെ കൊല്ലുന്ന സമയത്തു കേൾക്കുന്ന നിലവിളി ക്കായി ദാവീദിന്റെ ആളുകൾ ശ്വാസം അടക്കിപ്പിടിച്ചു, നില്ക്കുകയായിരു ന്നു – പക്ഷെ അവരൊന്നും കേട്ടില്ല. ഒരു നിമിഷത്തിനുള്ളിൽ, ദാവീദ് മടങ്ങി വന്നു, കത്തി അപ്പോഴും അവന്റെ കയ്യിലുണ്ട്, എന്നാൽ അതിൽ രക്തം പുരണ്ടിട്ടില്ലായിരുന്നു. അവർ കഠിനമായ ചോദ്യങ്ങളുമായി ദാവീദിനെ നേരി ട്ടിരിക്കാം: "എന്തു പറ്റി?"; "നീ എന്താണ് ചെയ്ത്?" അവൻ പതുക്കെ ശൗലിന്റെ മേലങ്കിയുടെ അറ്റം പുറത്തെടുത്തു കാണിച്ചു.

നിരവധി ചോദ്യങ്ങൾ മനസിലേക്കു വരുന്നു. അതിൽ ഒന്ന് "ദാവീദ് എങ്ങനെ ശൗൽ കാണുകയോ കേൾക്കുകയോ ചെയ്യാതെ അവന്റെ അടു ത്തെത്തി?" ഒരുപക്ഷെ അവൻ ഗുഹയിലേക്കു കടന്നപ്പോൾ അവന്റെ മേലങ്കി ഊരി ഒരു വശത്തു വെച്ചിരിക്കാം. (ഞാൻ അങ്ങനെ ചെയ്യാറുണ്ട്.) എങ്ങ നെയായാലും ദാവീദ് അതു ചെയ്തു, വല്ലാത്ത ധൈര്യം തന്നെ. കൂടുതൽ പ്രധാനപ്പെട്ട ചോദ്യം "ദാവീദ് *എന്തിനാണ്* മേലങ്കിയുടെ അറ്റം മുറിച്ചെടു ത്തത്?" അതിന്റെ ഒരുകാരണം തനിക്കു ശൗലിനെ കൊല്ലുവാൻ അവസരം കിട്ടി എങ്കിലും കൊന്നില്ല എന്നു ഒരുപക്ഷെ ശൗലിനെ തെളിയിക്കണമെന്ന് അവൻ ചിന്തിച്ചിരിക്കാം (24:11). എങ്ങനെയായാലും, ഏറ്റവും പ്രധാനപ്പെട്ട ചോദ്യമെന്തെന്നാൽ, "അവസരം ലഭിച്ചപ്പോൾ എന്തുകൊണ്ടു ദാവീദ് ശൗലിനെ *കൊന്നില്ല?*" അതിന്റെ ഉത്തരത്തിനായി, നമുക്കു വേദഭാഗത്തി ലേക്കു തിരിയാം.

> ശൗലിന്റെ വസ്ത്രാഗ്രം മുറിച്ചുകളഞ്ഞതുകൊണ്ടു പിന്നത്തേതിൽ ദാവീ ദിന്റെ മനസാക്ഷി കുത്തിത്തുടങ്ങി. അവൻ തന്റെ ആളുകളോടു, "യഹോ വയുടെ അഭിഷിക്തനായ, എന്റെ യജമാനന്റെ നേരെ കയ്യെടുക്കുന്നതായ ഈ കാര്യം ചെയ്‌വാൻ, യഹോവ എനിക്കു ഇടവരുത്തരുതേ, അവൻ യഹോവയുടെ അഭിഷിക്തനല്ലൊ എന്നു പറഞ്ഞു" (24:5, 6).

താൻ ചെയ്തതിനെക്കുറിച്ചു ചിന്തിച്ചപ്പോൾ ദാവീദിന്നു മനസാക്ഷിക്കു

ത്തുണ്ടാകുവാൻ കാരണമെന്താണ്? അവൻ ശൗലിനെ ശാരീരികമായി ഉപദ്രവിച്ചില്ലല്ലൊ; അവൻ രാജാവിന്റെ വസ്ത്രത്തിന്റെ ഒരഗ്രം മാത്രമല്ലേ മുറിച്ചിരുന്നുള്ളൂ. ദാവീദ് ആ രാത്രിയിൽ ശൗലിന്റെ അടുക്കലേക്കു പോയത് ശൗലിനെ കത്തികൊണ്ടു യഥാർത്ഥത്തിൽ കൊല്ലുവാനായിരുന്നു, എന്നാൽ അവസാനം മനസു മാറ്റി രാജാവിന്റെ വസ്ത്രത്തിന്റെ ഒരഗ്രം മാത്രമേ മുറിച്ചുള്ളൂ എന്നു ചിലർ കരുതുന്നു. തീർച്ചയായും ശൗലിനെ കൊല്ലുവാൻ ദാവീദ് പരീക്ഷിക്കപ്പെടുകയായിരുന്നു. ആരെങ്കിലും എന്നെ വീണ്ടും വീണ്ടും കൊല്ലുവാൻ ശ്രമിക്കുകയും, അയാളെ നിസ്സഹായമായ അവസ്ഥയിൽ പിടിക്കപ്പെടുകയും എന്റെ കയ്യിൽ മൂർച്ചയുള്ള ഒരു കത്തി ഉണ്ടാകയും ചെയ്താൽ, എന്റെ ഉള്ളിൽ കൂടി ഈ ചിന്ത കടന്നുപോയില്ലെങ്കിൽ ഞാൻ മനുഷ്യനേക്കാൾ ഒരുപക്ഷെ തരം താഴ്ന്നേക്കാം (അല്ലെങ്കിൽ ഒരുപക്ഷെ, എതാണ്ട് മനുഷ്യരേക്കാളുപരിയായേക്കാം): "പെട്ടെന്നു കുത്തുകയും എന്റെ സ്വതന്ത്രമായ നാളുകൾ അവസാനിക്കുകയും ചെയ്യും!"

എങ്ങനെയായാലും, വേദഭാഗം പറയുന്നു, "*ശൗലിന്റെ വസ്ത്രാഗ്രം മുറിച്ചതിനാൽ* ദാവീദിന്റെ മനസാക്ഷി കുത്തിക്കൊണ്ടിരുന്നു." (എംഫസിസ് മൈൻ.) അവൻ ചെയ്യുവാൻ മനസ്സിൽ ചിന്തിച്ചതിനെ കുറിച്ചല്ല, പിന്നെയോ അവൻ ചെയ്തതിനെ കുറിച്ചാണ് ദാവീദിന്റെ ധാർമ്മികബോധം അവനെ കുറ്റപ്പെടുത്തിയത്. ദാവീദിനെ കുറിച്ചുള്ള എന്റെ അഭിപ്രായം അവൻ ഏതാണ്ട് അതിസാഹസികനെ പോലെ ആയിരുന്നു എന്നാണ്; അപകടത്തിന്റെ വികാരം അവൻ ആസ്വദിച്ചിരുന്നു. ദാവീദ് ഒരു സ്ക്കൂൾ വിദ്യാർത്ഥിയുടെ അത്ഭുതപ്രവൃത്തി എന്ന പോലെ രാജാവിനെ അതിശയിപ്പിക്കുവാനാകാം വസ്ത്രത്തിന്റെ അഗ്രം മുറിച്ചെടുത്തത് എന്നു ഞാൻ ഊഹിക്കുന്നു. എങ്ങനെയായാലും, അവൻ അതിനെക്കുറിച്ചു വിചാരിച്ചപ്പോൾ, അവന്റെ മനസാക്ഷി പറഞ്ഞു, "ദൈവത്തിന്റെ അഭിഷിക്തനെ ഉപദ്രവിക്കരുതെന്നു മാത്രമല്ല, നീ അവനെ എല്ലാ നിലയിലും *ബഹുമാനിക്കയും* വേണം."

ഇതു പഠനഭാഗത്തിൽ ഞാൻ ആഗ്രഹിക്കുന്ന മുഖ്യ പോയിന്റിലേക്കാണ് നമ്മെ കൊണ്ടുവരുന്നത്: ദാവീദ് എന്തുകൊണ്ട് ശൗലിനെ കൊന്നില്ല. അവൻ തന്റെ ആളുകളോടു പറഞ്ഞതു വീണ്ടും ശ്രദ്ധിക്കുക: "*യഹോവയുടെ അഭിഷിക്തനായ,* എന്റെ യജമാനന്റെ നേരെ കയ്യെടുക്കുന്നതായ ഈ കാര്യം ചെയ്‌വാൻ, യഹോവ എനിക്കു ഇട വരുത്തരുതേ, *അവൻ യഹോവയുടെ അഭിഷിക്തനല്ലോ"* (24:6; എംഫസിസ് മൈൻ). "യഹോവയുടെ അഭിഷിക്തൻ" എന്നതു അടിവരയിടുക. ദാവീദിനെ തൈലം കൊണ്ട് അഭിഷേകം ചെയ്തതുപോലെ ശൗലിനേയും അവൻ അഭിഷേകം ചെയ്തതാണ് (ഒ.വാ. 1 ശമുവേൽ 10:1; 16:13). "അഭിഷിക്തൻ" എന്നതിന്റെ എബ്രായ വാക്കാണ് "മശിഹ" (അതിനു തുല്യമായ ഗ്രീക്കു വാക്കാണ് "ക്രിസ്തു"). ശൗലിനെ ബഹുമാനിക്കണം എന്നു ദാവീദിനറിയാം, അതു അവൻ *എങ്ങനെയുള്ള*വനാണ് എന്നതിനാലല്ല (ബലഹീനൻ, അസ്വസ്ഥൻ, അനുസരണമില്ലാത്തവൻ), മറിച്ച് അവൻ *ആരായിരുന്നു* എന്നതിനാലാണ്: "ദൈവത്തിന്റെ മശിഹ"!

ബൈബിളിൽ ഉടനീളം നമ്മെ പഠിപ്പിക്കുന്ന പാഠമാണിത്. നിങ്ങളെ വലിച്ചിഴക്കുന്ന പൊലീസുകാരനെയും ബഹുമാനിക്കണം – അവൻ എങ്ങനെയുള്ളവനാണ് എന്നതിനാലല്ല (നിങ്ങളെപോലെ തെറ്റുപറ്റുവാനിടയുള്ള മനുഷ്യൻ) – പിന്നെയോ അവൻ ആരാണ് എന്നതിനാലാണ്: "നിങ്ങൾക്കു വേണ്ടി

ദൈവശുശ്രൂഷ ചെയ്യുന്നവൻ" (റോമർ 13:4). മൂപ്പന്മാരെ ബഹുമാനിക്കേണ്ടതു അവർ എങ്ങനെയുള്ളവരെന്നു നോക്കിയല്ല (അസാധാരണ ജോലി ചെയ്യുവാൻ ശ്രമിക്കുന്ന സാധാരണ മനുഷ്യർ), മറിച്ച് അവർ ആരാണ് എന്നതിനാലാണ്: "ദൈവത്തിന്റെ സഭയെ മേയ്പാൻ ... പരിശുദ്ധാത്മാവു, നിങ്ങളെ അദ്ധ്യക്ഷരാക്കി" (പ്രവൃത്തികൾ 20:28).[6]

ദാവീദ് "ഉറവിടത്തെ കുറിച്ചു പരിഗണിച്ചപ്പോൾ," ദൈവത്തിന്റെ അഭിഷിക്തനെ ഉപദ്രവിക്കരുതെന്നു അവൻ തിരിച്ചറിഞ്ഞു! ഈ ബോധ്യത്തിൽ ദാവീദ് രണ്ടാം മൈൽ പോയതു ശ്രദ്ധിക്കുക: "ഇങ്ങനെ ദാവീദ് തന്റെ ആളുകളെ ശാസിച്ചു അമർത്തി ശൗലിനെ ഉപദ്രവിക്കുവാൻ അവൻ സമ്മതിച്ചതുമില്ല" (24:7). അത് ദാവീദ് ശൗലിനെ കൊല്ലുന്നില്ല എന്ന വിഷയം മാത്രമല്ല; കൊല്ലാതിരുന്നതിന്റെ കാരണം അവൻ തന്റെ ആളുകളോടു പറയുകയും വേണമായിരുന്നു. ''അനുനയിപ്പിക്കുക'' എന്നതിന്റെ അക്ഷരിക എബ്രായവാക്ക് സൂചിപ്പിക്കുന്നത് ദാവീദ് വാക്കുകളാൽ തന്റെ ആളുകളെ "ബോധ്യമാക്കി" "വേർതിരിച്ചു"[7] എന്നാണ്. ദാവീദ് തന്റെ ആളുകളെ "ശാസിച്ചു" എന്നാണ് എൻഐവിയിൽ. ഗുഹയുടെ മറവിൽ ചൂടുപിടിച്ച ചർച്ച നടന്നിരുന്നു. ദാവീദിനു തന്റെ ആളുകളെ നിയന്ത്രിക്കുവാൻ പാടുപെടേണ്ടി വന്നു, ശൗലിന്റെ ക്രൂരമായ പ്രവൃത്തികളാൽ അവരുടെ ജീവിതവും തകർന്നിരുന്നു.

ആരോടും പ്രതികാരം അരുതു എന്നു പറയുമ്പോൾ നാം പക വീട്ടരുത് എന്നു മാത്രമല്ല; അങ്ങനെ ചെയ്യാതിരിക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും വേണം എന്നുമാണ് അർത്ഥമാക്കുന്നത്. ഞാൻ പ്രസംഗിച്ചുകൊണ്ടിരുന്ന ഒരിടവകയിൽനിന്നു, രാജി വെക്കണമെന്നു ഞാൻ വിചാരിച്ചു. ഞാൻ ഉപദ്രവിക്കപ്പെട്ടു, എന്നാൽ അധികം ഒച്ചപ്പാടുണ്ടാകാതെ, ശാന്തമായി പിൻവാങ്ങുവാനാണ് ഞാൻ ആഗ്രഹിച്ചത്. എങ്ങനെയായാലും, ഇടവകയിൽ നിരവധി പേർ ആ സംഗതിയുടെ ഉള്ളിൽ കാരണമായി എന്തോ ഉണ്ടെന്നു സംശയിച്ചു, അതുകൊണ്ടു കുഴപ്പമുണ്ടാകാതിരിക്കുവാൻ എനിക്കു മറ്റുള്ളവരെ അനുനയിപ്പിക്കേണ്ട അവസ്ഥവന്നു, അത് വ്യക്തിപരമായ താല്പര്യത്തിനുമപ്പുറമായി "ആത്മാവിന്റെ ഐക്യം" (എഫെസ്യർ 4:3) ഉണ്ടാക്കാൻ ശ്രമിക്കേണ്ടതിനായിരുന്നു. നിങ്ങൾ ഉപദ്രവിക്കപ്പെടുമ്പോൾ, ഇങ്ങനെ ആകുന്നത് വളരെ വിഷമകരമായ ഒന്നാണെന്നു ഞാൻ കണ്ടെത്തി! അതു, എങ്ങനെയായാലും, പ്രതികാരം ചെയ്യാതിരിക്കേണ്ടതിന്റെ ഭാഗമായി പ്രധാനപ്പെട്ട ഒന്നാണ്.

ദാവീദ് തന്റെ ആളുകളെ അനുനയിപ്പിക്കുമ്പോൾ, ശൗൽ ഗുഹ വിട്ടു പോയി. ദാവീദ് ഗുഹയുടെ വാതിൽക്കൽ വന്നു നോക്കി. ശൗൽ കുറെ ദൂരം ചെന്നപ്പോൾ, ദാവീദ് പുറത്തു വന്നു വിളിച്ചു, "എന്റെ യജമാനനായ രാജാവേ!" (24:8).

മത്തായി 18-ൽ, മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധത്തെ സംബന്ധിച്ചു ഒരു നിത്യമായ തത്വം യേശുക്രിസ്തു നൽകുന്നുണ്ട്: "നിന്റെ സഹോദരൻ [നിനക്കെതിരായി[8]] പിഴച്ചാൽ, നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ അവന്നു ബോധം വരുത്തുക ...;[9] അവൻ നിന്റെ വാക്കു കേട്ടാൽ, നീ സഹോദരനെ നേടി" (വാ. 15). ഉപദേശിക്കുന്ന അർത്ഥത്തിൽ, ഇതിനെ "എതിരിടൽ" എന്നു വിളിക്കുന്നു. ഒരു ബന്ധം പുനസ്ഥാപിക്കുവാൻ ഇത് ആവശ്യമാണെന്നു അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഒരു കുറ്റവാളി തന്റെ മനോ

വികാരത്തെ സ്വയം മനസ്സിലാക്കുവാനും ഇതു അനിവാര്യമാണ്. ഈ സമയം വരെ, ദാവീദിനു ശൗലിനെ എതിരിടുവാനുള്ള അവസരം കിട്ടിയില്ല. എങ്ങനെയായാലും, അവസാനം, അവനും അവന്റെ പീഡകനും മുഖാമുഖമായി കണ്ടുമുട്ടി.[10]

ശൗൽ തിരിഞ്ഞപ്പോൾ, ദാവീദ് സാഷ്ടാംഗം വീണു തീവ്രവികാരത്തോടെ സംസാരിച്ചു:

> യഹോവ ഇന്നു, ഗുഹയിൽവെച്ചു നിന്നെ എന്റെ കയ്യിൽ ഏല്പിച്ചിരുന്നു എന്നു നിന്റെ കണ്ണാലെ കാണുന്നുവല്ലൊ, നിന്നെ കൊല്ലുവാൻ ചിലർ പറഞ്ഞെങ്കിലും, ഞാൻ ചെയ്തില്ല; "എന്റെ യജമാനന്റെ നേരെ ഞാൻ കയ്യെടുക്കയില്ല, അവൻ യഹോവയുടെ അഭിഷിക്തനല്ലോ" എന്നു, ഞാൻ പറഞ്ഞു. ഇപ്പോൾ, എന്റെ പിതാവേ, കാൺക! എന്റെ കയ്യിൽ, നിന്റെ മേലങ്കിയുടെ അറ്റം ഇതാ കാൺക! നിന്റെ മേലങ്കിയുടെ അറ്റം ഞാൻ മുറിക്കയും നിന്നെ കൊല്ലാതിരിക്കയും ചെയ്തതിനാൽ, എന്റെ കയ്യിൽ ദോഷവും ദ്രോഹവും ഇല്ല, ഞാൻ നിന്നോടു പാപം ചെയ്തിട്ടുമില്ല എന്നു കണ്ടറിഞ്ഞുകൊൾക, നീയോ എനിക്കു പ്രാണഹാനി വരുത്തുവാൻ തേടിനടക്കുന്നു. യഹോവ എനിക്കും നിനക്കും മദ്ധ്യേ ന്യായം വിധിക്കട്ടെ, യഹോവ എനിക്കുവേണ്ടി നിന്നോടു പ്രതികാരം ചെയ്യട്ടെ; എന്നാൽ എന്റെ കൈ നിന്റെ മേൽ വീഴുകയില്ല (24:10-12).

ആ സംഭാഷണം മുഴുവൻ നിങ്ങൾ വായിക്കുവാൻ ആഗ്രഹിക്കുന്നുണ്ടാകാം. ശ്രദ്ധേയമായ പല പ്രസ്താവനകളും അതിലുണ്ട്. നിങ്ങളെ ആരെങ്കിലും ഉപദ്രവിച്ചാൽ അതിനെ എങ്ങനെ നേരിടണം എന്നു പഠിപ്പിക്കുന്ന ഒരു ചെറിയ സെമിനാർ നടത്തുകയായിരുന്നു ദാവീദ്. അവൻ നീചത്വമോ മോശമോ ആയി ഒന്നും പറഞ്ഞില്ല, എന്നാൽ താൻ ഉപദ്രവിക്കപ്പെട്ടതിനെ കുറിച്ചു അവൻ വിശദീകരിച്ചതുമില്ല. അവന്റെ സംസാരം നിയന്ത്രിതവും ബഹുമാനത്തോടുകൂടിയതുമായിരുന്നു; അവൻ രാജാവിനെ വിളിച്ചത് "എന്റെ പിതാവേ," "യഹോവയുടെ അഭിഷിക്തൻ," എന്നും "എന്റെ യജമാനനേ"[11] എന്നുമാണ്. അവൻ തന്നെത്തന്നെ "ചത്ത നായ്" എന്നും "ചെള്ള്" എന്നുമാണ് പറഞ്ഞത്. ശൗലിന്റെ പ്രവൃത്തികൾക്കു അവൻ സാധ്യമായ ഏറ്റവും നല്ല ഘടനയാണ് കൊടുത്തത്; രാജാവിന്റെ ഉദ്ദേശത്തെ വിധിക്കുന്നതിനു പകരം, രാജാവിനെ ആരോ തെറ്റിദ്ധരിപ്പിച്ചതാണെന്നാണ് ദാവീദ് പറഞ്ഞത് (24:9). ശൗൽ അകാരണമായിട്ടായിരുന്നു ദാവീദിനെ കൊല്ലുവാൻ ആഗ്രഹിച്ചതെങ്കിലും, രാജാവിനെ കൊല്ലുവാൻ ഉദ്ദേശിച്ചില്ല എന്നതിനു, അവൻ തെളിവു കാണിച്ചു വിശദീകരണം നൽകി.

നിങ്ങൾ ശ്രദ്ധിക്കുവാൻ ഞാൻ പ്രത്യേകമായി ആഗ്രഹിക്കുന്നത്, എങ്ങനെയായാലും, ദാവീദ് "ഉറവിടം പരിഗണിക്കുവാൻ" തുടർന്നപ്പോൾ, സംഭവിക്കുന്നതിന്റെ എല്ലാം അന്തിമ ഉറവിടം ദൈവം തന്നെയാണെന്നു അവൻ കണ്ടു. 24:10-ലെ ദാവീദിന്റെ വാക്കുകളെ ശ്രദ്ധിക്കുക: "*യഹോവ* ഇന്നു ഗുഹയിൽ വെച്ചു നിന്നെ എന്റെ കയ്യിൽ ഏല്പിച്ചിരുന്നു." യഹോവ ശൗലിനെ ദാവീദിന്റെ കയ്യിൽ ഏല്പിച്ചു അതുകൊണ്ടു ദാവീദിനു അവനെ *കൊല്ലാമെന്നു* ദാവീദിന്റെ ആളുകൾ അവനോടു പറഞ്ഞു. എങ്ങനെയായാലും, ശൗലിനെ ദൈവം തന്റെ കയ്യിൽ ഏല്പിച്ചതു, അവനെ കൊല്ലാതെ

*വിട്ടു* ശൗൽ തന്റെ ശത്രു അല്ല എന്നു ബോധ്യപ്പെടുത്തുന്നതിനു വേണ്ടി ആയിരുന്നു എന്ന് അവൻ കണ്ടു.

ആരെങ്കിലും നിങ്ങളെ ഉപദ്രവിച്ചാൽ, നിങ്ങൾ "ഉറവിടം തേടിയാൽ," ദൈവം ആ സാഹചര്യത്തിൽ നിങ്ങളെ നല്ലതും ശ്രേഷ്ഠവുമായ വ്യക്തിയാക്കേണ്ടതിനു പ്രവർത്തിക്കുന്നു എന്നത് കണക്കാക്കാതിരിക്കരുത്.[12]

ശൗൽ തീർച്ചയായും ദാവീദിന്റെ മനോഭാവത്തിൽ സംപ്രീതനായി.

> ശൗൽ, "എന്റെ മകനേ ദാവീദേ, ഇതു നിന്റെ ശബ്ദമോ?" എന്നു ചോദിച്ചു കൊണ്ടു പൊട്ടിക്കരഞ്ഞു.[13] പിന്നെ അവൻ ദാവീദിനോടു പറഞ്ഞത്, "നീ എന്നേക്കാൾ നീതിമാൻ; ഞാൻ നിനക്കു തിന്മ ചെയ്തതിനു, നീ എനിക്കു നന്മ പകരം ചെയ്തിരിക്കുന്നു ... എന്നാൽ, നീ രാജാവാകും, യിസ്രായേൽ രാജത്വം നിന്റെ കയ്യിൽ സ്ഥിരമായിരിക്കും, എന്നു ഞാൻ അറിയുന്നു" (24:16, 17, 20).

ഇതാദ്യമായിട്ടാണ് അടുത്ത രാജാവ് ദാവീദ് ആയിരിക്കുമെന്നു ശൗൽ തുറന്നു സമ്മതിക്കുന്നത്.

ഇതിൽനിന്നും അവർ രമ്യതയിലായി എന്നു തോന്നുന്നു, അല്ലേ? ദാവീദു തലസ്ഥാനത്തേക്കു മടങ്ങി, രാജധാനിയിൽ തന്റെ സ്ഥാനംവീണ്ടും കൈക്കൊള്ളുവാനുള്ള ഒരു സൂചന ആയിരിക്കണം ഇത്. എങ്ങനെയായാലും, തന്ത്രശാലിയും ഏകാധിപധിയുമായ രാജാവിനെ വിശ്വസിക്കുവാൻ, അവനു കഴിയുകയില്ല എന്നു, ദാവീദിന് അറിയാമായിരുന്നു. ഈ വാക്കുകൾ നൽകിക്കൊണ്ടാണ് അദ്ധ്യായം അവസാനിപ്പിക്കുന്നത്: "ശൗൽ അരമനയിലേക്കു പോയി, ദാവീദും അവന്റെ ആളുകളും ദുർഗ്ഗത്തിലേക്കും പോയി" (24:22); അവർ സുരക്ഷിതസ്ഥാനത്തു തന്നെ താമസിച്ചു.

### വില കണക്കാക്കുക (1 ശമുവേൽ 25)

അദ്ധ്യായം 25 അല്പം കുഴപ്പിക്കുന്നതാണ്. 24 മുതൽ 26 വരെയുള്ള അദ്ധ്യായങ്ങളിൽ രണ്ടു പ്രാവശ്യം ശൗലിനെ കൊല്ലുവാൻ ദാവീദിനു അവസരം ലഭിച്ചതായി പറയുന്നു, എങ്കിലും അവൻ അതു ചെയ്തില്ല. ആ രണ്ട് അദ്ധ്യായങ്ങൾക്കിടയിലുള്ളതാണ് അദ്ധ്യായം 25, അതിൽ ഒരു ഭാര്യയെയും ഭർത്താവിനെയും (നാബാലും അബീഗെയിലും) അവർ ദാവീദുമായി ഇടപെടുന്നതിനെയും കുറിച്ചു പറയുന്നു. അതേ സംഭവങ്ങൾ വിവരിക്കുന്ന അദ്ധ്യായം 25–നെ, എന്തിനാണ് അദ്ധ്യായം 24–നും 26–നും ഇടക്കു കയറ്റിയത്? കാലക്രമമനുസരിച്ചു അതു രണ്ടു സംഭവങ്ങൾക്കും ഇടയിൽ നടന്നതുകൊണ്ടാണ് അതവിടെ കൊടുത്തിരിക്കുന്നത് എന്നു നമുക്കു ഉത്തരം നൽകാം. എങ്ങനെയായാലും, ചരിത്രകാരന്മാരും ജീവചരിത്രകാരന്മാരും, അവരുടെ തിരഞ്ഞെടുപ്പു വിഷയങ്ങളിൽ വളരെ ശ്രദ്ധയുള്ളവർ ആകണം എന്നു നമുക്ക് അറിയാം.[14] *എന്തുകൊണ്ട്* ചില സംഭവങ്ങൾ തിരഞ്ഞെടുത്തു പ്രത്യേകസ്ഥാനത്തു കൊള്ളിക്കുന്നു എന്നതിന് സാധാരണയായി ഒരു കാരണമുണ്ടാകും.

അദ്ധ്യായം 25–നെ അദ്ധ്യായം 24–നും 26–നും ഇടക്കു കയറ്റിയതിനു കാരണം (1) പ്രതികാരത്തെ സംബന്ധിച്ചു ദാവീദിന്റെ സ്വാഭാവിക മനോഭാവം കാണിക്കുവാനും (2) പ്രതികാരം ചെയ്യുന്നതിനെ സംബന്ധിച്ചു

ദൈവേഷ്ടം പ്രാവർത്തികമാക്കുവാൻ അവൻ എങ്ങനെ പഠിച്ചു എന്നും കാണിക്കുവാനാണെന്നു ഞാൻ വിശ്വസിക്കുന്നു.

ശമുവേലിന്റെ മരണത്തെയും ദാവീദും അവന്റെ ആളുകളും പാരാൻ മരുഭൂമിയിലേക്കു പോകുവാനുണ്ടായ കാരണത്തെയും കുറിച്ച് അദ്ധ്യായം 25-ന്റെ ഒന്നാം വാക്യത്തിൽ പറയുന്നു. മരുഭൂമിയിൽ ദാവീദിന് അറുന്നൂറു പേർ പോയിട്ട്, ആറു പേർക്കു പോലും ഭക്ഷണം നൽകുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു, ദാവീദ്, പ്രൊട്ടക്ഷൻ *ബിസിനസിൽ* ഏർപ്പെട്ടു. ആടുകളെ മൃഗക്കൂട്ടത്തിൽ നിന്നു സംരക്ഷിക്കുന്ന ജോലി അവനും അവന്റെ ആളുകളും ചെയ്തു (25:7, 8, 15, 16). "ദാവീദ് പ്രൊട്ടക്ഷൻ *ബിസിനസിൽ*" പോയി, അല്ലാതെ "ദ പ്രൊട്ടക്ഷൻ *റാക്കറ്റ്*" അല്ല എന്നു, ഞാൻ പറഞ്ഞതു ശ്രദ്ധിക്കുക (ചില വ്യാഖ്യാതാക്കൾ പറയുന്നതു പോലെ). "പ്രൊട്ടക്ഷൻ റാക്കറ്റ്" എന്നതു സൂചിപ്പിക്കുന്നത് സംരക്ഷണം നൽകുന്ന സംഘം വരുന്നതിനു മുൻപു സംരക്ഷണം ആവശ്യമില്ലാതിരുന്ന ആളുകളെ "സംരക്ഷിക്കുന്ന" സംഘം എന്നാണ്. അതിനു വിപരീതമായി, പാരാൻ മരുഭൂമിയിൽ വാസ്തവത്തിൽ വന്യമൃഗങ്ങളിൽനിന്നുള്ള സംരക്ഷണം ആവശ്യമായിരുന്നു. അവിടെ വേലിയില്ലായിരുന്നു; വന്യമൃഗങ്ങളും കാട്ടുജാതിക്കാരും നിറഞ്ഞിരുന്നു; ചിതറി നടക്കുന്ന ആടുകളെ അല്ലെങ്കിൽ കുട്ടികളെ എപ്പോഴും അവിടെ കാണാമായിരുന്നു.

ധനവാനായിരുന്ന നാബാലിന്റെ ആടുകളെയാണ് ദാവീദും അവന്റെ ആളുകളും നോക്കി കൊടുത്തത്. "കർമ്മേലിൽ വ്യാപാരമുള്ള ഒരു മാവോന്യനുണ്ടായിരുന്നു[15] ; അവൻ മഹാധനികനായിരുന്നു,[16] അവന്നു മൂവായിരം ചെമ്മരിയാടും ആയിരം കൊലാടും ഉണ്ടായിരുന്നു" (25:2). എങ്ങനെയായാലും, നിങ്ങളുടെ അയൽക്കാരനാകുവാൻ, നിങ്ങൾ ആഗ്രഹിക്കുന്ന തരം വ്യക്തിയായിരുന്നില്ല അയാൾ. "അവൻ നിഷ്ഠൂരനും ദുഷ്ക്കർമ്മിയും അയിരുന്നു" (25:3).[17] അവന്റെ ദാസന്മാർ പറഞ്ഞു, "അവനോ ദുസ്വഭാവി ആക[18] കൊണ്ടു അവനോടു ആർക്കും മിണ്ടിക്കൂടായിരുന്നു" (25:17). അവൻ മദ്യപാനിയുമായിരുന്നു (25:36).

അവന്റെ പേർ, നാബാൽ എന്നാണ്, അതിന്റെ അക്ഷരികമായ അർത്ഥം "ഭോഷൻ" അല്ലെങ്കിൽ "വിഡ്ഢി." ഒരമ്മ തന്റെ കുഞ്ഞിനു "ഭോഷൻ" എന്നു പേരിടുന്നതു ഊഹിക്കുവാനേ കഴിയുന്നില്ല.[19] ഒരുപക്ഷെ അവന്റെ ജനന പേരു തെറ്റായി ഉപയോഗിച്ചതാകാം; ഒരുപക്ഷെ അതു കളിയാക്കി ഇട്ട പേരായിരിക്കാം. എങ്ങനെയായാലും അവൻ ആ പേരിനാൽ അറിയപ്പെട്ടു, അതിനു അർത്ഥവുമുണ്ടായിരുന്നു. അവന്റെ ഭാര്യയടക്കം, എല്ലാവരും അവനെ ആ പേരായിരുന്നു വിളിച്ചിരുന്നത് (25:25). അതു അവന്റെ സ്വഭാവത്തെ കാണിക്കുകയും ചെയ്തിരുന്നു.

അദ്ധ്യായം 25-ലെ മറ്റൊരു മുഖ്യ കഥാപാത്രമായിരുന്നു, അബീഗയിൽ എന്നു പേരുള്ള നാബാലിന്റെ ഭാര്യ. അവളുടെ പേരിന്റെ അർത്ഥം "അവളുടെ അപ്പന്റെ സന്തോഷം" എന്നാണ്. വാക്യം 2 പറയുന്നു, "അവൾ നല്ല വിവേകം ഉള്ളവളും സുന്ദരിയും ആയിരുന്നു." എന്തൊരു അത്ഭുതയോജിപ്പ്! ബൈബിളിൽ നാലു സ്ത്രീകളെ മാത്രമേ "സുന്ദരി" മാരായി പറഞ്ഞിട്ടുള്ളൂ;[20] ഒന്നു അബീഗയിൽ ആണ്.

ആ സുന്ദരിയും, വിവേകം ഉള്ളവളുമായവൾ എങ്ങനെയാണ് ആ ഭോഷനെ വിവാഹം കഴിച്ചത്? അബീഗയിലിനു അതിനെക്കുറിച്ചു ഒന്നും

പറയുവാനില്ല എന്നതാണ് ഉത്തരം; വിവാഹം അന്നു മാതാപിതാക്കൾ നിശ്ച യിക്കുകയായിരുന്നു. നാബാൽ വലിയ ഒരു ധനവാനാണെന്നു കരുതിയാ യിരിക്കാം അവർ അവളെ അവനു വിവാഹം കഴിച്ചു കൊടുത്തത്. അബീ ഗയിൽ സുന്ദരി ആയതുകൊണ്ടു, നാബാലും സമ്മതിച്ചിരിക്കാം. അങ്ങനെ, സൗന്ദര്യവും ഭോഷത്വവും വിവാഹത്തിൽ ഒന്നുചേർന്നു – എന്നാൽ അവർ "പിന്നീട് ജീവിച്ചത് ഒരിക്കലും സന്തോഷകരമായിട്ട്" *ആയിരുന്നില്ല*. അബീ ഗയിൽ ധരിച്ചിരുന്നത് ഏറ്റവും നല്ല വസ്ത്രങ്ങളും, യാത്ര ചെയ്തത് ഏറ്റവും നല്ല രഥത്തിലും ആയിരുന്നു, അതോടൊപ്പം ആഡംബരവിരുന്നും അവൾക്കു നൽകുവാൻ കഴിഞ്ഞിരുന്നു – പക്ഷെ അവളെ വിവാഹം ചെയ്തു കൊടു ത്തത് നീചനും, വെറുപ്പു തോന്നുന്നതുമായ ഒരു മദ്യപാനിക്കായിരുന്നു എന്ന വസ്തുത അവശേഷിച്ചു.

അദ്ധ്യായം ആരംഭിക്കുന്നത്, ആടുകളുടെ രോമം കത്രിക്കുന്ന അടിയ ന്തരത്തോടുകൂടിയാണ് (25:2), അത് ഒരു ആഘോഷകാലമായിരുന്നു. ആടു കളുടെ രോമം കത്രിക്കുന്ന സമയത്ത് കമ്പിളി വിളവെടുപ്പിനു സഹായിച്ച വരോടും, ആടുകളെ സംരക്ഷിച്ചവരോടും ആദരവ് പ്രകടിപ്പിക്കുന്ന സമ്പ്ര ദായമുണ്ടായിരുന്നു. നബാലിന്റെ ആടുകളുടെ രോമം കത്രിക്കുന്ന അടിയ ന്തരമാണെന്നു ദാവീദ് കേട്ടപ്പോൾ, അവൻ പത്തു പേരെ ആ ധനികന്റെ അടുക്കലേക്കു അയച്ചു. പറയുവാനായി അവൻ അവരോടു പറഞ്ഞു:

> എന്റെ പേരിൽ അവന്നു വന്ദനം ചൊല്ലി, നന്നായിരിക്കട്ടെ, നിനക്കും നിന്റെ ഭവനത്തിന്നും നന്നായിരിക്കട്ടെ, നിനക്കുള്ള സകലത്തിന്നും നന്നായിരി ക്കട്ടെ. ... നിന്റെ ഇടയന്മാർ ഞങ്ങളോടുകൂടെ ഇരുന്നപ്പോൾ ഞങ്ങൾ അവരെ ഉപദ്രവിച്ചില്ല, അവർ കർമ്മേലിൽ ഇരുന്ന കാലത്തൊക്കെയും അവർക്കു ഒന്നും കാണാതെ പോയതുമില്ല. ... അതുകൊണ്ടു ഈ ബാല്യക്കാരോടു ദയ തോന്നേണം, ... നിന്റെ കയ്യിൽ വരുന്നതു അടിയങ്ങൾക്കും നിന്റെ മകനായ ദാവീദിന്നും തരേണമേ (25:6–8).

ദാവീദിന്റെ ബാല്യക്കാർ നാബാലിന്റെ അടുക്കലേക്കു പോയി, അവർ ദാവീദിന്റെ വാക്കുകൾ അറിയിച്ചശേഷം, "അവർ കാത്തിരുന്നു" (25:9). നിങ്ങ ളുടെ പെട്ടി ചുമന്നു മുറിയിൽ കൊണ്ടു വെച്ചിട്ടു, കൈനീട്ടി നില്ക്കുന്ന ഹോട്ടൽ ബോയിയെ പോലെ, അവർ കാത്തുനിന്നു. ദാവീദും നാബാലും തമ്മിൽ കരാറൊന്നും ഉണ്ടാക്കിയിരുന്നില്ല, അല്ലെങ്കിൽ അവർക്ക് എന്തെങ്കിലും നൽകണമെന്ന എഴുതപ്പെട്ട നിയമവുമില്ല – അത് നിങ്ങൾ ടിപ്പു നൽകണ മെന്ന എഴുതപ്പെട്ട നിയമം ഇല്ലാത്തതുപോലെയാണ്. എങ്ങനെയായാലും, ഇന്നത്തെപോലെ അന്നും മനസിലാക്കിയിരുന്ന കാര്യമെന്തെന്നാൽ, നിങ്ങൾക്കു പ്രത്യേകമായ ആനുകൂല്യം ലഭിച്ചാൽ, അതിനു അനുമോദനം കാണിക്കണം എന്നാണ്. നാബാൽ എന്തു നൽകിയാലും അതു വാങ്ങുവാൻ ദാവീദും അവന്റെ ആളുകളും യോഗ്യരാണ് എന്നു വ്യക്തം. പിന്നീട്, ഇടയ ന്മാർ അബീഗയിലിനോടു പറഞ്ഞു:

> ... എന്നാൽ ആ പുരുഷന്മാർ ഞങ്ങൾക്കു ഏറ്റവും ഉപകാരമുള്ളവരായി രുന്നു, ഞങ്ങൾ വയലിൽ അവരുമായി സഹവാസം ചെയ്തിരുന്ന കാല ത്തൊരിക്കലും, അവർ ഞങ്ങളെ ഉപദ്രവിച്ചില്ല, ഞങ്ങൾക്കു ഒന്നും

> കാണാതെ പോയതുമില്ല. ഞങ്ങൾ ആടുകളെ മേയിച്ചുകൊണ്ടു അവ രോടുകൂടെ ആയിരുന്നപ്പോഴൊക്കെയും - രാവും - പകലും [അവർ ഒരുദിവസം ഇരുപത്തിനാലുമണിക്കൂർ സംരക്ഷണം നൽകി], അവർ ഞങ്ങൾക്കു ഒരു മതിലായിരുന്നു (25:15, 16).

പിന്നെ ദാവീദിന്റ ദാസന്മാർ പ്രതിഫലത്തിനായി കാത്തിരുന്നു.

നാബാൽ എങ്ങനെയായാലും,[21] വിഡ്ഢിത്തമായി, അവരെ കളിയാക്കുവാൻ തുടങ്ങി:

> ദാവീദ് ആർ? യിശ്ശായിയുടെ മകൻ ആർ? യജമാനന്മാരെ വിട്ടു പൊയ്ക്കള യുന്ന ദാസന്മാർ ഇക്കാലത്തു വളരെയുണ്ട്. ഞാൻ എന്റെ അപ്പവും വെള്ളവും എന്റെ ആടുകളെ രോമം കത്രിക്കുന്നവർക്കായി ഒരുക്കിയ മാംസവും എടുത്തു, എവിടുത്തുകാർ എന്നറിയാത്തവർക്കു കൊടുക്കുമോ? (25:10, 11).

ദാവീദിനെക്കുറിച്ചു കേട്ടിട്ടില്ല എന്നാണ് നാബാൽ പറഞ്ഞത്, ദാവീദും അവന്റെ ആളുകളും ചെയ്ത സേവനത്തെക്കുറിച്ചു സൂചനയാലും, അവൻ അറിഞ്ഞ ലക്ഷണമില്ല. ("അവൻ യജമാനനെ വിട്ട് ഓടിപോയ ദാസനാണെന്നു മാത്രം എനിക്ക് അറിയാം.") എങ്ങനെയായാലും, ദാവീദ് ആരായിരുന്നു എന്നു കൃത്യമായി അബീഗയിലിനറിയാമായിരുന്നതുകൊണ്ട് (ഒ.വാ. 25:28, 30), അവളുടെ ഭർത്താവും, അറിഞ്ഞിരിക്കുവാൻ സാധ്യത ഉണ്ടെന്നതിൽ, സംശയമില്ല. നാബാലിന്റെ ഇടയന്മാർ ആ സമയത്ത് ചിലപ്പോൾ മടങ്ങിവരുകയും ആടുകളെ സംരക്ഷിച്ച ദാവീദിനെയും കൂട്ടരെയും കുറിച്ചു തീർച്ചയായും പറയുകയും ചെയ്തിരിക്കാം. ദാവീദ് ആരായിരുന്നു എന്നു അറിയാത്തതായിരുന്നില്ല നാബാലിന്റെ പ്രശ്നം; അവന്റെ പ്രശ്നം അവൻ തന്റെ കൈവശമുള്ളതൊന്നും വിട്ടുകളയുവാൻ തയ്യാറല്ലാത്ത അത്യാഗ്രഹിയായിരുന്നു എന്നതാണ്.

ദൂതന്മാർ ദാവീദിന്റെ അടുക്കൽ മടങ്ങിവന്നു. ഒരു കാവൽ ഭടന്റെ അലർച്ച എനിക്കു ഊഹിക്കാൻ കഴിയും, "പോയ മനുഷ്യരിതാ അങ്ങനെ തന്നെ തിരിച്ചു വരുന്നു!" വിശന്നുവലഞ്ഞ ദാവീദ് അവരുടെ വരവു കാത്തിരിക്കുകയായിരുന്നു. ഒരു കൊഴുത്ത ആടിനെ പാചകം ചെയ്യുവാൻ, തീകൂട്ടി അവൻ തയ്യാറെടുത്തിരുന്നു. അവന്റെ വായിൽ വെള്ളം നിറഞ്ഞിരുന്നു. എങ്ങനെയായാലും, അവർ എത്തിയപ്പോൾ, അവരുടെ കയ്യിൽ ഒന്നുമില്ലായിരുന്നു. ദാവീദ് ചോദിച്ചു "എന്തു പറ്റി?" അവർ സംഭവിച്ചതു പറഞ്ഞപ്പോൾ, ദാവീദ് കോപാകുലനായി. "എല്ലാവരും വാൾ അരെക്കു കെട്ടുവിൻ!" അവൻ തന്റെ ആളുകളോടു ഉച്ചത്തിൽ പറഞ്ഞു.

> "മരുഭൂമിയിൽ അവന്നു ഉണ്ടായിരുന്നതൊക്കെയും ഞാൻ വെറുതെയല്ലോ കാത്തത്, അവന്റെ വക ഒന്നും കാണാതെ പോയതുമില്ല; അവനോ നന്മക്കു പകരം എനിക്കു തിന്മ ചെയ്തു. അവനുള്ള സകലത്തിലും പുരുഷപ്രജയായ[21] ഒന്നിനെയെങ്കിലും, പുലരും വരെ ഞാൻ ജീവനോടെ വെച്ചേച്ചാൽ, ദൈവം ദാവീദിന്റെ ശത്രുക്കൾക്കു തക്കവണ്ണവും അധികവും ചെയ്യട്ടെ എന്നു പറഞ്ഞു" (25:21, 22).

ദാവീദിന്റെ മുഖം ചുവന്നു തുടുക്കുവാൻ, അധികം സമയം വേണ്ടിവന്നില്ല, തന്റെ ആയുധധാരികളായ നാനൂറു പേരോടുകൂടെ അവൻ നാബാലിന്റെ പറമ്പിലേക്കു തിരിച്ചു!

നാബാൽ ഏതെങ്കിലും കരാറോ നിയമമോ ലംഘിച്ചിട്ടില്ല എന്നോർ ക്കുക. അവൻ ദാവീദിന്റെ ജീവൻ അപകടത്തിലാക്കുകയോ ഭീഷണി പ്പെടുത്തുകയോ ചെയ്തിരുന്നില്ല. അവൻ ആകെ ചെയ്തതു (1) ദാവീദിനെ കളിയാക്കുകയും (2) ദാവീദിന്റെ സേവനത്തെ അനുമോദിച്ചില്ല എന്നതുമാണ്. ഒരു വെയിറ്റർ ടിപ്പു കൊടുക്കാതിരുന്നതിനു നിങ്ങളുടെ പുറകെ തോക്കുമായി വന്നു നിങ്ങളെ കൊല്ലുവാൻ ശ്രമിക്കുന്നതു ഊഹിക്കുവാൻ കഴിയുന്നുണ്ടോ? (മതിയായത്ര ടിപ്പു ഞാൻ നല്കിയില്ല എന്ന തോന്നലിൽ എനിക്കു ആളുകളിൽ നിന്ന് ചില പരിഹാസം ഏല്ക്കേണ്ടിവന്നിട്ടുണ്ട്, പക്ഷെ ആരും എന്നെ കൊല്ലുവാൻ ശ്രമിച്ചിട്ടില്ല!) നിങ്ങൾ അത് എങ്ങനെ കണ്ടാലും, ദാവീദ് അമിതമായ പ്രതികരണം നടത്തുകയായിരുന്നു. നാനൂറു പുരുഷന്മാർ (ദാവീദും ചേർന്നു) നാബാലിനെയും അവന്റെ ദാസന്മാരെയും കൊല്ലുവാൻ പോകുന്നു - അവർ തോക്കുമായി ഒരു പാറ്റയുടെ പുറകെ പോകുന്നു! ഇതും മനസ്സിൽ വയ്ക്കുക, നാബാൽ മരണശിക്ഷക്കു യോഗ്യമായതൊന്നും ചെയ്തില്ലെങ്കിലും, ദാവീദ് *കുല* ചെയ്യുവാനാണ് പദ്ധതിയിട്ടത്: അത് മുൻനിശ്ചയിച്ചതും, കണ്ടാൽ ഉടനെ ചെയ്യുവാൻ തീരുമാനിച്ചതുമായ കൊലപാതകമായിരുന്നു.

ഈ ഭാഗം വരുമ്പോൾ, നിരവധി വിമർശകർ തലയാട്ടും. "ഇതു അവിശ്വസനീയം! തന്റെ ജീവിതം ദാവീദിനെ കൊല്ലുവാൻ സമർപ്പിച്ച രാജാവിനെ വെറുതെ വിട്ടയാൾ തന്നെയാണ് ഇത്. ഇപ്പോൾ തനിക്കു 'നന്ദി' കരേറ്റുവാൻ മടിച്ച ആരുമല്ലാത്തവനെ അവൻ കൊല്ലുവാൻ പോകുന്നു! ദാവീദിന്റെ ഈ വ്യക്തിത്വമാറ്റത്തെ എങ്ങനെ ഒരാൾക്ക് വിശദീകരിക്കുവാൻ സാധിക്കും?" ഇവിടെ വ്യക്തിത്വത്തിൽ മാറ്റമുണ്ടായതായി ഞാൻ കരുതുന്നില്ല. ദാവീദിന്റെ *സ്വാഭാവിക* പ്രതികരണമാണ് അദ്ധ്യായം 25-ൽ നാം കാണുന്നത് എന്നു ഞാൻ കരുതുന്നു. ശൗൽ ദൈവത്തിന്റെ അഭിഷിക്തൻ ആയിരുന്നില്ലെങ്കിൽ, ദാവീദ് ശൗലിനോടു ചെയ്യുവാൻ *ആഗ്രഹിച്ചതും*,[23] അവൻ ശൗലിനോടു ചെയ്യുവാൻ *തയ്യാറായതും* ആണ് നാം ഇവിടെ കണ്ടത് എന്നു കരുതുന്നു. അതിലുപരി, ഞാൻ കരുതുന്നതു അവൻ അതിനു കാരണമായി എടുക്കാവുന്നതെല്ലാം എടുത്തു നാബാലിന്റെ പരിഹാസ വാക്കുകളെ അവസാന കാരണവും ആക്കി എന്നാണ്. അവൻ ഇങ്ങനെ വിചാരിച്ചിരിക്കാം, "ശൗലിന്റെ മോശമായ പെരുമാറ്റമെല്ലാം എനിക്കു സഹിക്കേണ്ടി വന്നു, പക്ഷെ ആ 'വിലയില്ലാത്തവന്റെ മകനിൽ' നിന്നു ഞാൻ അതു സഹിക്കേണ്ടതില്ല!"

ഒരാൾ ദൈവത്തിന്റെ അഭിഷിക്തനോടു പ്രതികാരം ചെയ്യരുത് - എന്ന പ്രതികാരത്തെക്കുറിച്ചുള്ള പ്രത്യേക പാഠം ദാവീദ് പഠിച്ചു എങ്കിലും - വ്യക്തി ആരാണെന്നു കണക്കിലെടുക്കാതെ പ്രതികാരം കയ്യിലെടുക്കുവാനുള്ള അവകാശം ഒരാൾക്കില്ല എന്ന പൊതുവായ പാഠം അവൻ പഠിച്ചിരുന്നില്ല.

തന്റെ ആളുകളെ കൂട്ടക്കൊലക്കായി ദാവീദ് ഒരുക്കിക്കൊണ്ടിരിക്കുമ്പോൾ, ദാവീദിന്റെ പദ്ധതി നാബാലിന്റെ ഒരു ദാസൻ അബീഗയിലിനെ അറിയിച്ചു. ആരും തിരഞ്ഞെടുക്കുവാൻ തയ്യാറാകാത്ത ഒരു പങ്കാളിയെയാണ് അബീഗയിൽ തിരഞ്ഞെടുത്തതെന്നോർക്കുക. കുഴപ്പം പിടിച്ചതും വിഡ്ഢി

യുമായ ഒരു ഭർത്താവിനൊപ്പം കഴിയുക എന്നതല്ലാതെ അവൾക്കു മുന്നിൽ മറ്റൊന്നുമില്ലായിരുന്നു. ദാവീദ് അവന്റെ ആയുധധാരികളായ നാനൂറു പേരുമായി വരുന്നു എന്നു അബീഗയിൽ കേട്ടപ്പോൾ, കണ്ണുചിമ്മി ഒന്നു പുഞ്ചിരിച്ചുകൊണ്ട്, അവൾക്കു വിഷമമില്ലാതെ, പറയാമായിരുന്നു, "മുറിയിൽ കടന്നു എന്റെ ഭർത്താവിനു വേണ്ടി പ്രാർത്ഥിക്കാം എന്നു ഞാൻ കരുതുന്നു."[24] അവൾ പുറത്തു വരുമ്പോഴേക്കും, അര മണിക്കൂറിനുള്ളിൽ അല്ലെങ്കിൽ ഒരു മണിക്കൂറിനുള്ളിൽ, എല്ലാം തീരുമായിരുന്നു. അവൾ കുറേ മാസത്തേക്കു കറുപ്പു വസ്ത്രമുടുക്കും, പിന്നെ ആ പ്രദേശത്തെ ധനികയായ വിധവ എന്നറിയപ്പെടുന്നതിൽ ആഹ്ലാദിക്കും - ആരും അവളെ കുറ്റപ്പെടുത്തുകയുമില്ല!

എങ്ങനെയായാലും, അവൾ അത്തരത്തിൽ പ്രതികരിക്കുവാൻ തുനിഞ്ഞില്ല. മറിച്ച്, ഉടനെ അവളുടെ ഭർത്താവിന്റെ ജീവൻ രക്ഷിക്കുവാൻ അവൾ പദ്ധതി ഒരുക്കി. അവളുടെ പദ്ധതിയിൽ തന്റെ സ്വന്ത ജീവനു പോലും ഉറപ്പില്ലായിരുന്നു, എങ്കിലും അവൾ അതു ചെയ്യുവാൻ തയ്യാറായിരുന്നു. എന്തുകൊണ്ടു? കാരണം അവൾ നാബാലിനെ വിവാഹം ചെയ്തപ്പോൾ ഒരു സമർപ്പണം ദൈവത്തോടു എടുത്തിരുന്നു.[25] അവൻ ക്രൂരനായിരിക്കാം, അപമാനിക്കുന്നവനാകാം, അറപ്പുളവാക്കുന്നവനാകാം, എന്നാൽ അവൻ അവളുടെ ഭർത്താവാണ് - അവനെ അവൾ ആയുഷ്ക്കാലത്തേക്കാണ് വിവാഹം ചെയ്തിരിക്കുന്നത്! നിസാരകാരണത്താൽ ദാമ്പത്യം-തകർക്കുന്ന നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ, അബീഗയിലിന്റെ മനോഭാവം നമുക്ക് എത്ര അനിവാര്യമാണ്! അപ്പോഴും ദൈവം പറയുന്നു, "ഉപേക്ഷണത്തെ ഞാൻ വെറുക്കുന്നു" (മലാഖീ 2:16), യേശുവും പറയുന്നു, "അതുകൊണ്ടു ദൈവം യോജിപ്പിച്ചതിനെ, മനുഷ്യൻ വേർപിരിക്കരുത്" (മത്തായി 19:6).

അബീഗയിൽ പെട്ടെന്നുതന്നെ അവളുടെ പദ്ധതി പ്രാവർത്തികമാക്കി. അവളുടെ അടുക്കളയിൽനിന്നും സ്റ്റോർറൂമിൽനിന്നും വിശന്നിരിക്കുന്ന നാനൂറ്റിഒന്നു പേർക്കു ആവശ്യമുള്ള ആഹാരം അവൾ ശേഖരിച്ചു. അതെല്ലാം കഴുതകളുടെ പുറത്തു കയറ്റി, ദാവീദിനെ കണ്ടെത്തുവാൻ അവൾ പോയി - ഉള്ളിൽ കുലപാതക ലക്ഷ്യം വെച്ചു വരുന്ന ഒരു സൈന്യത്തെ അഭിമുഖീകരിക്കുവാൻ ഒരു സ്ത്രീ പോകുന്നു.[26]

ദാവീദിനെയും അവന്റെ ആളുകളെയും അവൾ ഒരു താഴ്‌വരയിൽ വെച്ചു തടഞ്ഞു നിർത്തി. അവൾ കഴുതപ്പുറത്തുനിന്നിറങ്ങി ദാവീദിന്റെ സംഘത്തിനടുത്തേക്കു നീങ്ങി. കുലക്കു തയ്യാറെടുത്തു അക്ഷമരായി സൈന്യം നിൽക്കുമ്പോൾ, ദാവീദ് കൈ ഉയർത്തി തന്റെ ആളുകളെ തടഞ്ഞു നിർത്തുന്നതു, എനിക്കു ഊഹിക്കുവാൻ കഴിയും. ദാവീദിനു മുൻപിൽ സാഷ്ടാംഗം വീണു, അബീഗയിൽ നടത്തിയത് തിരുവെഴുത്തിലെ ഏറ്റവും അഭിലഷണീയമായ അപേക്ഷകളിലൊന്നായിരുന്നു. (ഇതു ആദ്യമായിട്ടല്ല അവൾ തന്റെ ഭർത്താവിനു വേണ്ടി മാപ്പിരന്നത്; ഒന്നിലധികം പ്രാവശ്യം അവൾക്ക് അങ്ങനെ ചെയ്യേണ്ടി വന്നിരിക്കാം!)

അബീഗയിലിന്റെ സംസാരത്തിൽനിന്നു, തെറ്റിദ്ധാരണയുടെ എല്ലാ ഉത്തരവാദിത്വവും അവൾ ഏറ്റെടുത്തതായി കാണാം (25:24; കൂടാതെ 25:28 നോക്കുക). അതു ദാവീദിന് വല്ലാത്ത അസ്വസ്ഥത ഉണ്ടാക്കുന്നതായിരുന്നു. നാബാലിനെ പോലെയുള്ള ഒരു വിഡ്ഢിയെ കൊല്ലുന്നതായിരുന്നു ഒരു കാര്യം; മറ്റൊന്ന് ഒരു സുന്ദരിയായ സ്ത്രീയെ കൊല്ലുന്നതായിരുന്നു.[27] താൻ

കൊണ്ടുവന്ന സമ്മാനം സ്വീകരിക്കുവാൻ അവൾ ദാവീദിനോടു അപേക്ഷിച്ചു (25:27). സംസാരത്തിലുടനീളം, അവൾ വലിയ ബഹുമാനമാണ് പുലർത്തിയത്. (അവൾ ദാവീദിനെ പന്ത്രണ്ടു പ്രാവശ്യം "എന്റെ യജമാനനേ" എന്നും അവളെ ആറു പ്രാവശ്യം "നിന്റെ ദാസി" എന്നുമാണ് പറഞ്ഞത്!) ദൈവം ദാവീദിനോടുകൂടെ ഉണ്ടാകുമെന്നു അവൾ ആത്മവിശ്വാസം പ്രകടിപ്പിച്ചു (25:28–31).[28] മറ്റൊരാളുടെ കോപം ശമിപ്പിക്കുവാൻ ശ്രമിക്കുന്ന ഏതൊരാൾക്കും മാതൃകയാക്കാവുന്ന സംസാരമാണത്.

അവൻ ചെയ്യുവാൻ പോകുന്ന കാര്യത്തിന്റെ *അനന്തരഫലങ്ങൾ* അവന് ബോധ്യമാകത്തക്കവണ്ണം അവന്റെ ഉള്ളിലെ ദേഷ്യം ശമിപ്പിക്കുകയാണ് അബീഗയിൽ ചെയ്ത ഏറ്റവും പ്രധാനപ്പെട്ട കാര്യം

> "ആകയാൽ ... യജമാനനേ യഹോവയാണെ നിന്നാണെ, രക്തപാതകവും സ്വന്തകയ്യാൽ പ്രതികാരവും ചെയ്യാതവണ്ണം, യഹോവ നിന്നെ തടുത്തിരിക്കുന്നു, നിന്റെ ശത്രുക്കളും യജമാനന്നു ദോഷം വിചാരിക്കുന്നവരും, നാബാലിനെപോലെ ആകട്ടെ. ... എന്നാൽ യഹോവ യജമാനന്നു വാഗ്ദാനം ചെയ്തിരിക്കുന്ന എല്ലാ നന്മയും നിവൃത്തിച്ചുതന്നു ... നിന്നെ യിസ്രായേലിന്നു പ്രഭുവാക്കി വെക്കുമ്പോൾ,[29] അകാരണമായി രക്തം ചിന്തുകയും യജമാനൻ താൻ തന്നേ പ്രതികാരം നടത്തുകയും ചെയ്തുപോയി, എന്നുള്ള ചഞ്ചലവും മനോവ്യഥയും യജമാനന്നു ഉണ്ടാകയില്ല. ..." (25:26, 30, 31).

അബീഗയിൽ പറഞ്ഞു, "ദൈവം നിന്നെ രാജാവാക്കും," "അങ്ങനെ സംഭവിക്കുമ്പോൾ കാരണം കൂടാതെ നീ ആളുകളെ കൊന്നത്, സ്വന്തകയ്യാൽ പ്രതികാരം ചെയ്തത്, നിന്റെ മനസാക്ഷിയിലോ നിന്റെ പേരിലോ ഉണ്ടാകുവാൻ, നീ ഇഷ്ടപ്പെടുകയില്ല."

ദാവീദിനെ "ദൈവത്തിനു ബോധിച്ച ഹൃദയമുള്ള മനുഷ്യൻ" എന്നു വിളിക്കുവാനുള്ള ഒരു കാരണം അവന്റെ പ്രതികരണത്തിലുണ്ട്. അവന്നു പഠിപ്പിക്കുവാൻ പറ്റിയ ഒരു മനോഭാവമുണ്ടായിരുന്നു; എത്തിപ്പെടാവുന്ന സമീപനവും അവനുണ്ടായിരുന്നു.[30] അവൻ പറഞ്ഞു: "എന്നെ എതിരേല്പാൻ നിന്നെ ഇന്നു അയച്ചിരിക്കുന്ന, യിസ്രായേലിന്റെ ദൈവമായ യെഹോവക്കു സ്തോത്രം, നിന്റെ വിവേകം സ്തുത്യം, രക്തപാതകവും സ്വന്തകയ്യാൽ പ്രതികാരവും ചെയ്യാതവണ്ണം, എന്നെ ഇന്നു തടുത്തിരിക്കുന്ന, നീയും അനുഗ്രഹിക്കപ്പെട്ടവൾ" (25:32, 33). തല ചൂടായിരിക്കുന്ന ദാവീദ് ഒരു രാജാവിനു ഉണ്ടായിരിക്കേണ്ട വിലയേറിയ ഗുണങ്ങൾ പഠിക്കുകയായിരുന്നു: അക്രമം കൂടുതൽ അക്രമത്തെ ജനിപ്പിക്കും; നേരെമറിച്ച്, നിയന്ത്രണം സമാധാനപൂർവ്വമായ പരിഹാരമുണ്ടാക്കും.

ബുദ്ധിമാനായ ശലോമോൻ പറഞ്ഞു, "നീയും മൂഢനെപോലെ ആകാതിരിക്കേണ്ടതിന്നു, അവന്റെ ഭോഷത്വം പോലെ അവനോടു ഉത്തരം പറയരുത്" (സദൃശവാക്യം 26:4). തന്റെ അപ്പനായ ദാവീദിൽ നിന്നു കിട്ടിയതാകാം അവനീ സദൃശവാക്യം - കാരണം ദാവീദ് ഒരു മൂഢനോടെന്നപോലെ വിഡ്ഢിത്തമായ രീതിയിലാണ് പ്രതികരിച്ചത്.

"ശത്രുതാ മനോഭാവം വെച്ചുകൊണ്ടു നിങ്ങൾക്കു മുന്നേറുവാൻ സാധ്യമല്ല" എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. നാം ആളുകളോടു ദേഷ്യത്താൽ കാണി

ക്കുന്ന പ്രവൃത്തികൾ തീർച്ചയായും അവരെക്കാൾ കൂടുതൽ നമ്മെയാണ് വേദനിപ്പിക്കുന്നത്. ഒരിക്കൽ ഒരു കാർ വ്യാപാരി എന്നോടു മോശമായി പെരുമാറിയതായി എനിക്കു തോന്നി. "അവനെ കാണിച്ചുകൊടുക്കാം!" എന്നു ഞാൻ വിചാരിച്ചു. "ഞാൻ അവനുമായി ഇനി ഒരു ഇടപാടിനും ഇല്ല!" ഞങ്ങളുടെ ആ ചെറിയ ടൗണിൽ എന്റെ കാറിന്റെ വാറണ്ടിയെ ശ്രദ്ധിക്കുവാൻ, അയാളുടെ ഇടപാടുകാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന കാര്യം അവസാനം എന്നെ ചിന്തിപ്പിച്ചു. അയാൾക്ക് ഞാനുമായുള്ള ഇടപാട് മാത്രമേ നഷ്ടപ്പെടൂ, എന്നാൽ വേദനയോടെ എനിക്കു എന്റെ കാർ നഷ്ടപ്പെടും!

അടുത്ത പ്രാവശ്യം നിങ്ങൾക്ക് ആരോടെങ്കിലും ദേഷ്യമുണ്ടായാൽ, പത്തുവരെ (അല്ലെങ്കിൽ ഇരുപതു, അല്ലെങ്കിൽ നൂറ്, അല്ലെങ്കിൽ തണുക്കുവാൻ എന്തെല്ലാം ആവശ്യമാണോ), എണ്ണുകയും പിന്നെ നിങ്ങളുടെ പ്രശസ്തിയോടും, മനസമാധാനത്തോടും, ആത്മാവി നോടും ഉള്ള – "പ്രതികാരത്തിന്റെ വലിയ വില കണക്കാക്കുകയും" ചെയ്യുക.

അദ്ധ്യായം 25–ലെ സംഭവം പെട്ടെന്നു ചുരുക്കാം. അബീഗയിൽ വീട്ടിലേക്കു മടങ്ങി വന്നപ്പോൾ, അവളുടെ ഭർത്താവ് മദ്യപിച്ചിരുന്നതുകൊണ്ട് സംഭവിച്ചത് നാബാലിനോട് അവൾക്കു പറയുവാൻ കഴിഞ്ഞില്ല (25:36).[31] അടുത്ത പ്രഭാതത്തിൽ, അവൻ സുബോധത്തിലായപ്പോൾ, അവൾ അവനോടു പറഞ്ഞു – അതുകേട്ട് അവൻ ഞെട്ടുകയും ചെയ്തു.[32] കുറച്ചു ദിവസങ്ങൾക്കുശേഷം, അവൻ മരിച്ചു.[33] ദാവീദ് അതു കേട്ടപ്പോൾ, അവൻ പറഞ്ഞു, "എന്നെ നിന്ദിച്ച നിന്ദെക്കായിട്ട് നാബാലിനോടു വ്യവഹരിക്കയും ... തന്റെ ദാസനെ തിന്മചെയ്യാതവണ്ണം തടുക്കയും ചെയ്ത യഹോവക്കു സ്തോത്രം. നാബാലിന്റെ ദുഷ്ടത യഹോവ അവന്റെ തലയിൽ തന്നെ വരുത്തിയിരിക്കുന്നു" (25:39).

സുന്ദരിയും വിവേകിയുമായ അബീഗയിലിൽ, ദാവീദ് താല്പര്യമുള്ളവനായിരുന്നു, അതുകൊണ്ടു അവൻ വിവാഹാലോചനക്കായി തന്റെ ദാസന്മാരെ അയക്കുകയും,[34] അവർ അങ്ങനെ ഭാര്യാഭർത്താക്കന്മാർ ആകുകയും ചെയ്തു. നല്ല ഭക്ഷണത്തോടുള്ള ദാവീദിന്റെ ആഗ്രഹത്തോടെ കഥ ആരംഭിക്കുന്നു; അതവസാനിക്കുന്നത് ദാവീദ് ഒരു നല്ല ഭാര്യയെ കണ്ടെത്തുന്നതിലാണ്.[35]

ആ ദിവസം ദാവീദ് വിലയേറിയ ചില പാഠങ്ങൾ പഠിച്ചു. ഒന്ന്, വ്യക്തിപരമായ പ്രതികാരം വിലയുള്ളതല്ല. രണ്ട്, നിങ്ങൾ പ്രതികാരം യഹോവയിൽ ഏൽപ്പിച്ചാൽ, അവൻ എല്ലാം ശരിയാക്കും. ഈ പാഠങ്ങൾ നമ്മൾ എല്ലാവരും പഠിക്കേണ്ടതാണ്.

### യഹോവയുടെ കയ്യിൽ അത് ഏൽപ്പിക്കുക (1 ശമുവേൽ 26)

അധികം താമസിയാതെ ദാവീദിനു ആവശ്യമായ പാഠം അബീഗയിലിൽ നിന്നു പഠിച്ചു. ഒരിക്കൽ കൂടെ അവൻ സീഫ്യരാൽ തള്ളിപ്പറയപ്പെട്ടു (26:1), വീണ്ടും ശൗൽ ഞെട്ടിക്കുന്ന ദൂരത്തെത്തി.[36] ശൗലും അവന്റെ സൈന്യവും ദാവീദിനെ അവസാനം സീഫ്യർ കണ്ട സ്ഥലത്ത് പാളയം അടിച്ചു: ഹാച്ചില്ലാകുന്നിൽ.[37] ശൗൽ അവിടെ ഉണ്ടെന്നു ദാവീദ് കേട്ടപ്പോൾ, ശൗൽ തന്റെ വാഗ്ദാനം പാലിക്കുന്നതിൽ വീണ്ടും പരാജയപ്പെട്ടു എന്നു വിശ്വസിക്കുവാൻ അവൻ ആഗ്രഹിച്ചില്ല. ചാരന്മാർ വാർത്ത സ്ഥിരീകരിച്ചു, എന്നാൽ

ദാവീദ് സ്വയം അവനെ കാണുവാൻ പോയി.

ദാവീദും അവന്റെ കുറച്ചു ആളുകളും എത്തിയപ്പോൾ രാത്രി ആയിരുന്നു,[38] എന്നാൽ അടുത്ത പർവ്വതത്തിൽ നിന്ന്, ചന്ദ്രപ്രകാശത്താൽ ശൗൽ കിടന്നുറങ്ങുന്നത് ദാവീദിനു കാണാൻ സാധിച്ചു. ശൗലിനെ താൻ ഉപദ്രവിക്കുവാൻ ഉദ്ദേശിച്ചില്ല എന്ന് അവസാനമായി ഒന്നുകൂടെ തെളിയിക്കാമെന്ന് ദാവീദു തീരുമാനിച്ചു. ദാവീദ് ചോദിച്ചു, "പാളയത്തിൽ ശൗലിന്റെ അടുക്കലേക്ക് ആർ എന്നോടുകൂടെ പോരും?" ഒരു ബന്ധുവായ അബീശായി[39] പറഞ്ഞു, "ഞാൻ നിന്നോടുകൂടെ പോരാം" (26:6).

ദാവീദും അബീശായിയും ശൗലിന്റെ പാളയത്തിൽ നുഴഞ്ഞു കയറിയപ്പോൾ, കാവൽക്കാർ എതിർക്കുവാൻ ഇല്ലാതിരുന്നതിൽ അവർ അതിശയിച്ചുകാണും. വാക്യം 12 പറയുന്നതു ശൗലിന്റെ സൈന്യത്തിന് "യഹോവ ഗാഢനിദ്ര വരുത്തി" എന്നാണ്. ആ രണ്ടുപേരും ശ്രദ്ധയോടെ ആളുകളെ കവച്ച് പാളയത്തിന്റെ നടുവിൽ, ശൗൽ കിടന്നുറങ്ങുന്ന സ്ഥലത്തെത്തി, അവന്റെ കുന്തം തറയിൽ തലെക്കൽ കുത്തി നിർത്തിയിരിക്കയായിരുന്നു.[40] മുൻപ് ഗുഹയിൽ ഉണ്ടായിരുന്നവരെ പോലെ, ഇപ്പോൾ അബീശായിയും ദൈവം ശൗലിനെ ദാവീദിന്റെ കയ്യിൽ കൊല്ലുവാൻ ഏൽപ്പിച്ചിരിക്കുന്നതായി കണ്ടു (26:8). ഒരിക്കൽ കൂടി ദാവീദു പറഞ്ഞു താൻ ശൗലിനെ ഉപദ്രവിക്കുകയില്ല കാരണം അവൻ "യഹോവയുടെ മശിഹ"യാണ് (26:9; കൂടാതെ 26:11 നോക്കുക).

എങ്ങനെയായാലും, ഈ സമയത്ത്, ദാവീദ് ഒരു ചിന്ത കൂട്ടിച്ചേർത്തു – അത് അവൻ നാബാലിനെയും അബീഗയിലിനെയും നേരിട്ടതിൽ നിന്നു പഠിച്ച പ്രധാന പാഠമാണ്: അതായത് പ്രതികാരം യഹോവയുടെ കയ്യിൽ ഏൽപ്പിക്കണം.[41] "ദാവീദ് ഇതുകൂടെ പറഞ്ഞു, 'യഹോവയാണെ, യഹോവ അവനെ സംഹരിക്കും, അല്ലെങ്കിൽ അവൻ മരിപ്പാനുള്ള ദിവസം വരും, അല്ലെങ്കിൽ അവൻ പടയ്ക്കുചെന്നു നശിക്കും'" (26:10). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നാബാൽ മരിച്ചതുപോലെ ശൗൽ മരിക്കുകയോ – യഹോവ അവനെ 'സ്വാഭാവിക മരണത്താൽ' നശിപ്പിക്കുകയോ – അല്ലെങ്കിൽ അവൻ യുദ്ധത്തിൽ മരിക്കുകയോ ചെയ്യും, എന്നാൽ ഒരു കാര്യം തീർച്ച: ദൈവം എല്ലാ കടവും അവസാനം തീർക്കും." (അങ്ങനെ, രണ്ടാമത്തെ സാദ്ധ്യതയും വാസ്തവമായി തീർന്നു: ശൗൽ യുദ്ധത്തിൽ മരിച്ചു.)

ദാവീദ് അബീശായിയോടു പറഞ്ഞു, "അവന്റെ തലെക്കലുള്ള കുന്തവും ജലപാത്രവും എടുത്തുകൊൾക, നമുക്കു പോകാം" (26:11). അവർ വീണ്ടും ശ്രദ്ധയോടെ പാളയത്തിനു പുറത്തു കടന്നു, കുന്നിറങ്ങി, താഴ്വര കടന്നു, അടുത്ത പർവ്വതത്തിലേക്കു പോയി. അവിടെ നിന്നുകൊണ്ട് ദാവീദ് അബ്നേരിനെ[42] വിളിച്ചു, അവൻ രാജാവിനെ സംരക്ഷിക്കുവാൻ രാജാവിന്റെ അടുത്തു കിടന്നുറങ്ങുകയായിരുന്നു: "യിസ്രായേലിൽ നിനക്കു തുല്യൻ ആരുള്ളൂ?[43] അങ്ങനെയിരിക്കെ നിന്റെ യജമാനനായ രാജാവിനെ നീ കാത്തുകൊള്ളാതിരിക്കുന്നത് എന്ത്? നിന്റെ യജമാനനായ രാജാവിനെ നശിപ്പിപ്പാൻ ജനത്തിൽ ഒരുത്തൻ അവിടെ വന്നിരുന്നുവല്ലോ.... രാജാവിന്റെ കുന്തവും, അവന്റെ തലെക്കലിരുന്ന ജലപാത്രവും, എവിടെ എന്നു നോക്കുക" (26:15, 16). ദാവീദിന്റെ പോയിന്റ് എന്തെന്നാൽ ശൗലിന്റെ സൈന്യത്തെക്കാൾ താനാണ് അവന്റെ ഉറ്റ സ്നേഹിതൻ, കാരണം രാജാവിനെ കൊല്ലുന്നതിൽ നിന്ന് അബീശായിയെ പിന്തിരിപ്പിച്ചത്, അവന്റെ സൈന്യമോ, അബ്നേരോ

ആയിരുന്നില്ല, മറിച്ച് താനാണ് എന്നായിരുന്നു.

ശൗൽ ദാവീദിന്റെ ശബ്ദം തിരിച്ചറിഞ്ഞു ഉച്ചത്തിൽ വിളിച്ചു ചോദിച്ചു, "എന്റെ മകനെ ദാവീദേ, ഇത് നിന്റെ ശബ്ദമോ?" (26:17). ദാവീദ് ശൗലിനോടു വികാരപരമായ മറ്റൊരപേക്ഷയോടെ പ്രതികരിച്ചുകൊണ്ടു, വീണ്ടും തന്റെ നിരപരാധിത്വം തെളിയിക്കുവാനായി, കുന്തവും ജലപാത്രവും കാണിച്ച് താൻ ശൗലിന്റെ ശത്രു അല്ല എന്ന് ബോധ്യമാക്കി. അവൻ പറഞ്ഞു,

> ആകയാൽ, യജമാനനായ രാജാവ് അടിയന്റെ വാക്കു കേൾക്കേണമേ. തിരുമേനിയെ അടിയന്നു വിരോധമായി ഉദ്യോഗിപ്പിക്കുന്നത് [ശിക്ഷിക്കുന്ന ആത്മാവിനെ നിങ്ങളിലേക്ക് അയച്ചുകൊണ്ട്[44]] യഹോവയാകുന്നു എങ്കിൽ, അവൻ ഒരു വഴിപാടു ഏറ്റു പ്രസാദിക്കുമാറാകട്ടെ; മനുഷ്യരെങ്കിലോ,[45] അവർ യഹോവയുടെ മുമ്പാകെ ശപിക്കപ്പെട്ടിരിക്കട്ടെ, "നീ പോയി, അന്യദൈവങ്ങളെ സേവിക്ക" എന്നു പറഞ്ഞു, യഹോവയുടെ അവകാശത്തിൽ എനിക്കു പങ്കില്ലാതാകുംവണ്ണം, അവർ എന്നെ ഇന്നു പുറത്തു തള്ളിയിരിക്കുന്നു. എന്റെ രക്തം, യഹോവയുടെ മുമ്പാകെ നിലത്തു വീഴരുതേ; ... (26:19, 20).[46]

ദാവീദിനെ ഏറ്റവും കൂടുതൽ അലട്ടിയിരുന്നത് താൻ ഒരു അഭയാർത്ഥിയായി കഴിയേണ്ടി വന്നു എന്ന ചിന്ത ആയിരുന്നില്ല, എന്നാൽ അവന് മറ്റുള്ള ദൈവജനത്തോടൊപ്പം സമാഗമനകൂടാരത്തിൽ ദൈവത്തെ ആരാധിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നതായിരുന്നു! നമ്മിൽ ചിലർ സഹോദരീസഹോദരന്മാരുമൊത്തുള്ള സഭായോഗങ്ങളിൽ സംബന്ധിക്കാതിരിക്കുന്നതിന് ഒഴികഴിവുകൾ കണ്ടെത്തുന്നതിനു വിപരീതമായി, അവന്റെ മനോഭാവം ഇതായിരുന്നു, "'യഹോവയുടെ ആലയത്തിലേക്ക് നമുക്കുപോകാം' എന്ന് അവർ എന്നോട് പറയുന്നത്, എനിക്ക് *സന്തോഷമ*ത്രേ" (സങ്കീർത്തനം 122:1; എംഫസിസ് മൈൻ). അവനു പോകുവാൻ കഴിയാതിരുന്നപ്പോൾ, അവൻ ദുഃഖിതനായിരുന്നു.

ദാവീദിന്റെ ത്രസിപ്പിക്കുന്ന സംസാരത്തിൽ, അവൻ അബീഗയിലിൽ നിന്നു പഠിച്ച പാഠവും സൂചിപ്പിച്ചു: "*യഹോവ* ഓരോരുത്തന്ന് അവനവന്റെ നീതിക്കും വിശ്വസ്തതക്കും തക്കവണ്ണം പകരം നൽകട്ടെ" (26:23; എംഫസിസ് മൈൻ).

വീണ്ടും ശൗൽ സ്പർശിക്കത്തക്ക നിലയിലായി. അവൻ പറഞ്ഞു, "ഞാൻ പാപം ചെയ്തിരിക്കുന്നു"[47] കൂടാതെ "ഞാൻ ഭോഷത്വം പ്രവർത്തിച്ചു." അവൻ യാചിച്ചു, "എന്റെ മകനേ ദാവീദേ, മടങ്ങിവരിക, ഞാൻ ഇനി നിനക്കു ദോഷം ചെയ്കയില്ല" (26:21). അവൻ വീണ്ടും ദാവീദിനെ തന്റെ "മകൻ" എന്നാണ് വിളിച്ചത്, എന്നാൽ കഴിഞ്ഞ സംഭവത്തെ പോലെ, ദാവീദ് അവനെ "എന്റെ പിതാവേ"[48] എന്നല്ല വിളിച്ചത്. തന്റെ ഭാര്യ മീഖളിനെ, ശൗൽ മറ്റൊരാൾക്ക് കൊടുത്തു എന്നു, ദാവീദ് അറിഞ്ഞിരുന്നു.[49] ഇപ്പോൾ ശൗൽ ദാവീദിന്റെ അമ്മായിയപ്പൻ അല്ലാതായിരിക്കുന്നു; ദാവീദിനു ശൗലിന്റെ രാജധാനിയിൽ സ്ഥാനവും ഇല്ലാതായിരിക്കുന്നു. ദാവീദ് മടങ്ങുവാൻ ധൈര്യപ്പെട്ടില്ല, അതുകൊണ്ടു അവൻ "തന്റെ വഴിക്കു പോകയും, ശൗൽ അവന്റെ സ്ഥലത്തേക്കു മടങ്ങുകയും ചെയ്തു" (26:25).

പ്രതികാരത്തെ സംബന്ധിച്ചു ദാവീദ് പഠിച്ച പാഠത്തേക്കാൾ പ്രാധാന്യ

മുള്ള ഒന്ന് ഒരാൾക്കു പഠിക്കുവാൻ വേറെ ഇല്ല: "അത് യഹോവയുടെ കയ്യിൽ ഏൽപ്പിക്കുക." ഈ പ്രധാന സത്യം പഴയ നിയമത്തിലും പുതിയ നിയമത്തിലും പഠിപ്പിക്കുന്നുണ്ട്: ആവർത്തനപുസ്തകം 32:35, 36; എബ്രായർ 10:30; മുതലായവ. ഈ സത്യത്തിന്റെ ഏറ്റവും മികച്ച പ്രദർശനം ക്രിസ്തുവിന്റെ ജീവിതത്തിൽ കാണാം. പത്രൊസ് എഴുതി:

> ... ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിൻതുടരുവാൻ ഒരു മാതൃക വച്ചേച്ചു പോയിരിക്കുന്നു, അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല; തന്നെ ശകാരിച്ചിട്ട്, പകരം ശകാരിക്കാതെയും; കഷ്ടം അനുഭവിച്ചിട്ടു, ഭീഷണം പറയാതെയും, ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തത് (1 പത്രൊസ് 2:21-23).

ക്രിസ്തു "പ്രതികാരം ദൈവത്തിനു വിട്ടുകൊടുത്തു" - പത്രൊസ് പറഞ്ഞത് അവൻ അതു ചെയ്തതു നമുക്കു ഒരു മാതൃക ആകേണ്ടതിനാണ് എന്നാണ്.

ഈ വെല്ലുവിളി പൗലൊസ് റോമർ 12-ൽ പറയുന്നുണ്ട്. വാക്യം 17-ൽ, അപ്പൊസ്തലൻ പറഞ്ഞു, "ആർക്കും തിന്മയ്ക്കു പകരം തിന്മ ചെയ്യാതിരിപ്പിൻ." അതെഴുതിയത് ഞാനല്ല. ഞാനായിരുന്നുവെങ്കിൽ, "*കഴിയുമെങ്കിൽ എപ്പോഴും* തിന്മയ്ക്കുപകരം തിന്മ ചെയ്യുവിൻ," എന്നോ "*മിക്ക* ആളുകളോടും തിന്മക്ക് പകരം തിന്മ ചെയ്യുവിൻ" എന്നോ, പറയുമായിരുന്നു. പൗലൊസ്, എങ്ങനെയായാലും, പറഞ്ഞു, "*ഒരിക്കലും* തിന്മക്കുപകരം തിന്മ *ആർക്കും* ചെയ്യാതിരിപ്പിൻ." (എംഫസിസ് മൈൻ.) അവൻ പിന്നെ തുടർന്നു, "കഴിയുമെങ്കിൽ, നിങ്ങളാൽ ആവോളം, സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ. ഒരിക്കലും [ആ വാക്ക് അവിടെ വീണ്ടും] പ്രതികാരം ചെയ്യാതിരിപ്പിൻ, പ്രിയമുള്ളവരേ, നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന് ഇടം കൊടുപ്പിൻ, കാരണം അത് എഴുതിയിട്ടുണ്ട്, 'പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും,' എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു" (26:18, 19). ആ വേദഭാഗം പറയുന്നത്, "തിന്മക്കുശിക്ഷ വേണ്ട" എന്നല്ല എന്നത് ശ്രദ്ധിക്കുക. അത് ഊന്നൽ നൽകുന്നത് എന്തെന്നാൽ മറ്റുള്ളവരെ ഉപദ്രവിക്കുന്നവർക്ക് "ലഭിക്കേണ്ടത് വരുവാൻ" *ഇരിക്കുന്നു* ... എന്നാൽ *നാം* അല്ല "അത് അവർക്കു നല്കേണ്ടത്" എന്നാണ്. അതു ദൈവത്തിനുള്ളതാണ്, നമുക്കുള്ളതല്ല. നമുക്ക് അതു ദൈവത്തിന്റെ കൈകളിൽ ഏൽപ്പിക്കാം.

### ക്ഷമിക്കുകയും മറക്കുകയും ചെയ്യുക (2 ശമുവേൽ 1)

നമ്മുടെ പാഠം അവസാനിപ്പിക്കുമ്പോൾ, ദാവീദിന്റെ ശൗലുമായുള്ള ബന്ധത്തിൽ നിന്നുള്ള അവസാന തത്വം നോക്കേണ്ടതിന്, നമുക്ക് തൽക്കാലം ദാവീദും അവന്റെ ആളുകളും ഫെലിസ്ത്യരുടെ ഇടയിൽ താമസിച്ചിരുന്ന കാലത്തെ വിട്ടുകളയാം. അതു പറയുവാൻ എളുപ്പമാണ്, എന്നാൽ ചെയ്യുവാൻ പ്രയാസമാണ്: "ക്ഷമിക്കുകയും മറക്കുകയും ചെയ്യുക."

1 ശമുവേൽ 31-ൽ, ശൗലിന്റെ മരണത്തെ കുറിച്ചു അവൻ തന്റെ വാളി

ന്മേൽ വീണു ആത്മഹത്യ ചെയ്യുന്നതായി നാം വായിക്കുന്നു (വാ. 4; 1 ദിനവൃത്താന്തം 10:4 നോക്കുക). 2 ശമുവേൽ 1–ൽ, രാജാവ് മരിച്ച വിവരം ദാവീദ് അറിഞ്ഞു. ഇത് ദാവീദിന് തികച്ചും സന്തോഷിക്കുവാനും തന്നെ നശിപ്പിക്കുവാൻ ശ്രമിച്ച മനുഷ്യനെ ചെറുതാക്കുവാനും ലഭിച്ച സന്ദർഭമായിരുന്നു. അതിനുപകരം, ദാവീദ് വിലപിക്കുകയും ബഹുമാനസൂചകമായി മനോഹരമായ വിലാപഗാനം രചിക്കുകയും ചെയ്തു. കഴിഞ്ഞ ഒരുപാഠത്തിൽ, തന്റെ സ്നേഹിതനായ, യോനാഥാനോടു ഉണ്ടായിരുന്ന ദാവീദിന്റെ സ്നേഹത്തെ, ആ ഗാനത്തിൽ ചേർത്തിട്ടുള്ളതായി നാം കണ്ടു. എങ്ങനെയായാലും, ആ പദ്യത്തിൽ, ശൗലിന്റെ പേര് "യഹോവയുടെ അഭിഷിക്തൻ" എന്ന രീതിയിൽ ആദ്യം വരുന്നു, എന്ന വസ്തുത നാം മറക്കരുത്, കൂടാതെ മറ്റു പല പ്രശംസാവാക്കുകളും രാജാവിനെ കുറിച്ചു അവൻ പറഞ്ഞിട്ടുമുണ്ട്.

അനന്തരം ദാവീദു ശൗലിനെയും അവന്റെ മകനായ യോനാഥാനെയും കുറിച്ചു ഈ വിലാപഗീതം ചൊല്ലി,[50] ...

"യിസ്രായേലേ, നിന്റെ പ്രതാപമായവർ, നിന്റെ ഗിരികളിൽ നിഹതന്മാരായി!
വീരന്മാർ പട്ടുപോയത് എങ്ങനെ!
ഗത്തിൽ അതു പ്രസിദ്ധമാക്കരുതേ,
അസ്ക്കലോൻ വീഥികളിൽ ഘോഷിക്കരുതേ;[51] ...
ഗിൽബോവ പർവ്വതങ്ങളേ,[52]
നിങ്ങളുടെ മേൽ മഞ്ഞോ മഴയോ പെയ്യാതെയും, വഴിപാടു നിലങ്ങൾ ഇല്ലാതെയും പോകട്ടെ;
അവിടെയല്ലോ വീരന്മാരുടെ പരിച എറിഞ്ഞുകളഞ്ഞത്,
ശൗലിന്റെ, തൈലാഭിഷേകമില്ലാത്ത പരിച തന്നേ.[53]
നിഹതന്മാരുടെ രക്തവും, വീരന്മാരുടെ മേദസ്സും വിട്ടു,
ശൗലിന്റെ വാൾ ... വൃഥാ പോന്നതുമില്ല.
ശൗലും യോനാഥാനും, ജീവകാലത്തു പ്രീതിയും വാത്സല്യവും പൂണ്ടിരുന്നു,
മരണത്തിലും അവർ വേർപിരിഞ്ഞില്ല;
അവർ കഴുകനിലും വേഗവാന്മാർ,
സിംഹത്തിലും വീര്യവാന്മാർ.
യിസ്രായേൽ പുത്രിമാരെ, ശൗലിനെ ചൊല്ലി കരവിൻ,
അവൻ നിങ്ങളെ ഭംഗിയായി രക്താംബരം ധരിപ്പിച്ചു,
നിങ്ങളുടെ വസ്ത്രത്തിന്മേൽ പൊന്നാഭരണം അണിയിച്ചു. ...[54]
യുദ്ധമദ്ധ്യേ വീരന്മാർ പട്ടുപോയതെങ്ങനെ,
യുദ്ധായുധങ്ങൾ[55] നശിച്ചുപോയല്ലോ!"
(2 ശമുവേൽ 1:17, 19–24, 27).

ചിലപ്പോൾ, ശവസംസ്ക്കാരത്തിന്, തികച്ചും നല്ല ജീവിതം[56] നയിക്കാത്ത ഒരാളെ പുകഴ്ത്തി പറയുന്നതു കാണുമ്പോൾ, "എന്തൊരു കാപട്യം!" എന്നു ആളുകൾ പറഞ്ഞേക്കാം. ശൗലിനെ ദാവീദ് പുകഴ്ത്തിയ

പ്പോൾ അവൻ പറഞ്ഞത് കള്ളമോ കപടനാട്യമോ ആയിരുന്നോ? അല്ല, അവൻ ശൗലിനെ കുറിച്ചു പറഞ്ഞതെല്ലാം സത്യമായിരുന്നു. ശൗലിന്റെ മോശമായ വശങ്ങൾക്കു പകരം നല്ല വശങ്ങളാണ് ദാവീദ് തിരഞ്ഞെടുത്തത്. ദാവീദ് ആത്മാർത്ഥതയില്ലാത്തവൻ ആയിരുന്നില്ല; പിന്നെയോ നമുക്കുള്ള ഏറ്റവും വിലയേറിയ തിരഞ്ഞെടുപ്പാണ് അവൻ നടത്തിയത്: "ക്ഷമിക്കുകയും മറക്കുകയും ചെയ്യുക" എന്ന തിരഞ്ഞെടുപ്പ്.

വില്യം പെയിന്ററുടെ ഉറച്ച അഭിപ്രായം ലോകം അംഗീകരിച്ചിരിക്കുകയാണ്: "പ്രതികാരം മധുരമാണ്."[57] എങ്ങനെയായാലും, പ്രതികാരത്തെക്കാൾ മധുരമുള്ള ചിലതുണ്ട്; അത് ഉപദ്രവത്തിനും വേദനക്കും ഉപരിയായി ഉയർന്ന്, ക്ഷമിക്കുകയും ... "പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ; ഇവരോടു ക്ഷമിക്കേണമേ" (ലൂക്കൊസ് 23:34) ... നാം ക്ഷമിച്ചാൽ നമ്മോടും ക്ഷമിക്കപ്പെടും (മത്തായി 6:14, 15) എന്നു പ്രാർത്ഥിച്ച, യേശുവിനെ പോലെ, ആയി തീരുക.

ഇത് നിർദ്ദേശിക്കുന്നതിൽ, ഞാൻ "ക്ഷമിക്കുകയും മറക്കുകയും" ചെയ്യുക എന്ന സുപരിചിതമായ പദപ്രയോഗം ഉപയോഗിച്ചിരിക്കുന്നു. നമ്മിൽ ആർക്കും ഒരു മുറിവുണ്ടായാൽ നമ്മുടെ മനസ്സിൽ നിന്നും പൂർണ്ണമായി മായാതെ അവിടെ കിടക്കും. എന്നാൽ, എങ്ങനെയായാലും, നമുക്ക് ദൈവം ചെയ്യുന്നതുപോലെ "മറക്കുവാൻ" കഴിയും[58]: നമുക്ക് നാം ക്ഷമിച്ച വ്യക്തിയോട് ഇടർച്ച കാണിക്കാതിരിക്കുവാനും, അതു തുടർച്ചയായി എടുത്തു കാണിക്കാതിരിപ്പാനും ശ്രദ്ധിക്കുവാൻ കഴിയും. അതായിരുന്നു ദാവീദ് ശൗലിനെ കുറിച്ചുള്ള വിലാപത്തിൽ ചെയ്തത്.

ടെന്നസിയിലെ ഹോപ്ക്കിൻസ് വില്ലെയിലുള്ള, ലിറ്റിൽ റിവർ ചർച്ച് ഓഫ് ക്രൈസ്റ്റിലെ അംഗങ്ങളായിരുന്ന, ഫ്രാങ്കും എലിസബത്ത് മോറിസും, ക്ഷമാപണത്തിന്റെ മധുരമുള്ള അനുഭവം പഠിച്ചത് പ്രയാസമുള്ള രീതിയിലായിരുന്നു. 1982-ലെ ക്രിസ്തുമസിനു തൊട്ടു മുൻപു, ഡേവിഡ് ലിപ്സ്കോംപ് കോളേജിലെ വിദ്യാർത്ഥിയായ, അവരുടെ ഏക മകൻ റെഡ്, ഒരു ലഹരി പിടിച്ച ഡ്രൈവറാൽ കൊല്ലപ്പെടുകയുണ്ടായി. അതിൽ മനം നൊന്ത്, മോറിസ് ദമ്പതിമാർ, റ്റോമി പിഗാഗെക്ക്, തന്റെ മകനെ കൊന്നതിന്റെ ശിക്ഷയായി പ്രതികാരം ചെയ്യുമെന്നു പറഞ്ഞു. എങ്ങനെയായാലും, അവനിലുള്ള കുറ്റം മനപ്പൂർവ്വമല്ലാത്ത മനുഷ്യവധമായി മാറിയപ്പോൾ, അവന്റെ കോടതി വിധിയിൽ ഇളവുണ്ടായി. മോറിസ് ദമ്പതികളിൽ കൈപ്പു നിറഞ്ഞിരുന്നു. അവരുടെ പ്രശ്നം തങ്ങളുടെ പ്രതികാരവാഞ്ഛ ബൈബിൾ ഉപദേശത്തിനു വിരുദ്ധമാണെന്ന് തിരിച്ചറിഞ്ഞറിഞ്ഞതായിരുന്നു. അവരിൽ കോപം മാത്രമായിരുന്നില്ല ഉണ്ടായിരുന്നത്, കുറ്റവും ഉണ്ടായിരുന്നു.

അവരുടെ വൈകാരികമായ അവസ്ഥയെ കുറിച്ച് *പ്രതികാരം വീണ്ടെടുക്കപ്പെട്ടു* എന്ന ഒരു പുസ്തകം എഴുതപ്പെടുകയുണ്ടായി.[59] എങ്ങനെ ഫ്രാങ്കും എലിസബത്തും വെറുപ്പിൽ നിന്ന് സ്നേഹത്തിലേക്ക് നീങ്ങി എന്നും, റ്റോമി പിഗാഗെയോടു ക്ഷമിക്കുവാൻ അവർ എങ്ങനെ ശീലിച്ചു എന്നും, അയാൾ സഭയിൽ അംഗമായി തീരുവാൻ ഇടയായത് എങ്ങനെ എന്നും ആ പുസ്തകത്തിൽ പറയുന്നു. അതിന്റെ പുറം ചട്ടയിൽ ഫ്രാങ്കിന്റെയും എലിസബത്ത് മോറീസിന്റെയും ചിത്രത്തോടൊപ്പം റ്റോമി പിഗാഗെയുടെ പടവും കാണാം.

ദാവീദ് അങ്ങനെ ചെയ്തുവെങ്കിൽ, മോറിസ് ദമ്പതിമാർ അങ്ങനെ

ചെയ്തു എങ്കിൽ, അതുപോലെ നമുക്കും ചെയ്യുവാൻ കഴിയും. ദൈവം നമുക്കെല്ലാവർക്കും "ക്ഷമിക്കുവാനും മറക്കുവാനും" ഉള്ള കഴിവു തരുമാറാകട്ടെ.

**ഉപസംഹാരം**

പ്രതികാരചിന്തയെ കൈകാര്യം ചെയ്യുവാനുള്ള എന്റെ നാല് നിർദ്ദേശങ്ങളിൽ ഞാൻ ആവർത്തിച്ചു വിരസമായിതീർന്ന ശൈലി ഉപയോഗിച്ചതായി ചിലർ ശ്രദ്ധിച്ചിരിക്കും: "ഉറവിടം പരിഗണിക്കുക," "വില കണക്കാക്കുക," "യഹോവയുടെ കയ്യിൽ ഏൽപ്പിക്കുക," "ക്ഷമിക്കുകയും മറക്കുകയും ചെയ്യുക." ആവർത്തനശൈലിക്ക് മോശമായ പേരുണ്ട്; ആരംഭ എഴുത്തുകാരോടു തുടർച്ചയായി മുന്നറിയിച്ചിട്ടുണ്ട്, "ആവർത്തനശൈലി ഒഴിവാക്കുക." നാം ആവർത്തനശൈലിയെ കുറിച്ചു ചിലപ്പോൾ മറക്കുന്നത് അവ എങ്ങനെ ആവർത്തനശൈലി ആയിതീർന്നു എന്നതാണ്: നാം പറയുവാൻ ആഗ്രഹിക്കുന്നത് പ്രകടിപ്പിക്കുന്ന ജോലി ചെയ്യുന്നതുകൊണ്ടാണ് അത് ആവർത്തന ശൈലി ആകുന്നത്. ഞാൻ നല്കിയ നാലു നിർദ്ദേശങ്ങളും ആവർത്തനശൈലിയാകാം, എന്നിരുന്നാലും അവ ബൈബിളിലെ വലിയ സത്യങ്ങളെ എടുത്തു കാണിക്കുന്നു, ആ സത്യത്താലാണ് നാം മനസ്സിന് സമാധാനമുണ്ടാകുവാനും മരിക്കുമ്പോൾ സ്വർഗ്ഗത്തിൽ പോകുവാനും ആഗ്രഹിക്കുന്നുവെങ്കിൽ ജീവിക്കേണ്ടത്.

കഴിവതും ഈ പ്രസംഗത്തെ നമുക്ക് വ്യക്തിപരവും പ്രായോഗികവുമാക്കാം. പാഠത്തിന്റെ ആരംഭത്തിൽ ഞാൻ പറഞ്ഞതായ തിളങ്ങുന്ന പ്രതികാരപ്പെട്ടി ഇപ്പോഴും നിങ്ങളുടെ കയ്യിൽ ഉണ്ടോ? അങ്ങനെയെങ്കിൽ, നിങ്ങളുടെ വിരൽ ആ ബട്ടണിൽ നിന്നു മാറ്റുക: മുൻപ് നിങ്ങളെ ഉപദ്രവിച്ച ആരെയെങ്കിലും കുറിച്ചു നിങ്ങളുടെ ഉള്ളിൽ കയ്പ്പുണ്ടോ? ആ കയ്പ്പ് അവിടെ ഉള്ളിടത്തോളം കാലം, നിങ്ങളെ ഉപദ്രവിച്ച വ്യക്തി നിങ്ങളെയും നിങ്ങളുടെ വികാരത്തെയും നിയന്ത്രിച്ചുകൊണ്ടിരിക്കും എന്നു മനസ്സിലാക്കുക. ആ കയ്പ്പ് അയാളെ ഉപദ്രവിക്കുകയില്ല; പക്ഷെ അത് നിങ്ങളെ ഉപദ്രവിക്കും. നിങ്ങളുടെ ഹൃദയത്തിൽ നിന്ന് അത് എടുത്തുകളയുവാൻ "ഉറവിടം കണ്ടെത്തുകയും" പക വെച്ചു കൊണ്ടിരിക്കുന്നതിന്റെ വലിയ വില കണക്കാക്കുകയും ചെയ്യുക. കാര്യങ്ങൾ കർത്താവിന്റെ കൈകളിൽ ഏൽപ്പിക്കുവാൻ തീരുമാനിക്കുകയും, ദൈവത്തിന്റെ ഇഷ്ടത്തിന് കാര്യങ്ങൾ ശരിയാക്കുവാനും അനുവദിക്കുകയും ചെയ്യുക. നിങ്ങളുടെ കാര്യത്തിൽ, ക്ഷമിക്കുവാനും മറക്കുവാനും വേണ്ടി - കയ്പ്പിന്റെ ഭാരം വലിച്ചെറിഞ്ഞു കളയുന്നത് എത്ര മധുരതരമാണെന്നു മനസ്സിലാക്കുക.

---

**പ്രസംഗവും ദൃശ്യ - സഹായ കുറിപ്പുകളും**

**പ്രസംഗക്കുറിപ്പുകൾ**: മോശമായ പെരുമാറ്റത്തെ നേരിടുവാൻ മിക്കവർക്കും അറിയാൻ സാധിക്കാത്തത് അത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് നമ്മെ *പഠിപ്പിക്കാത്ത*തുകൊണ്ടാണ്. മാതാപിതാക്കളായ നാം നമ്മുടെ കുട്ടികളെ മുറിവിനോടു എങ്ങനെ പ്രതികരിക്കണമെന്ന് പഠിപ്പിക്കേണ്ടത് പ്രാധാന്യമുള്ളതാണ്. ഈ പ്രസംഗത്തെ അത്തരത്തിലേക്ക് നമുക്ക് തിരി

ക്കാം: "എന്താണ് നമ്മുടെ കുട്ടികളെ പ്രതികാരത്തെ കുറിച്ച് പഠിപ്പിക്കേണ്ടത്."

ഈ അദ്ധ്യായങ്ങളിൽ എടുത്തു കാണിച്ചിരിക്കുന്നത് അബീഗെയിലിന്റെ സ്വഭാവമാണ്. അവളെ കുറിച്ചു മാത്രം ഒരാൾക്ക് പ്രയോജനപ്രദമായ പ്രസംഗം നടത്താം. നോക്കുക: "അബീഗയിൽ : നല്ല വിവേകിയായ ഒരു സ്ത്രീ" എന്നതിനെ കുറിച്ച് ഒരു പ്രസംഗം 1988 ഫെബ്രുവരിയിലെ *ട്രൂത്ത് ഫൊർ ടുഡേ* ലക്കത്തിൽ ഉണ്ടായിരുന്നു.

ശൗലിന്റെ പ്രസ്താവന "ഞാൻ മൂഢനായി പ്രവർത്തിച്ചു" (1 ശമുവേൽ 26:21) എന്നത് തികച്ചും അവന്റെ ജീവിത ചുരുക്കമാണ് നൽകുന്നത്. "സ്വയം വിഡ്ഢി - ആക്കപ്പെട്ട" എന്നതിനെ കുറിച്ച് ധാരാളം ഗുണകരമായ പ്രസംഗങ്ങൾ നടന്നിട്ടുണ്ട്.

സങ്കീർത്തനങ്ങൾ 7 അദ്ധ്യായം 24-ലും 26-ലുമുള്ള ദാവീദിന്റെ സംസാരവുമായി ബന്ധപ്പെട്ടതാകാം. ദാവീദിന്റെ ശത്രുക്കളെ കുറിച്ചു പല സങ്കീർത്തനങ്ങളിലും പറയുന്നു. പ്രത്യേകിച്ച് ശക്തമായ ഒന്നാണ് സങ്കീർത്തനങ്ങൾ 22. "നീ എന്നെ കൈവിട്ടതെന്ത്?" എന്ന പാഠം നോക്കുക.

**ദൃശ്യ - സഹായ കുറിപ്പുകൾ**: മുഖവുര സമയത്തും ഉപസംഹാര സമയത്തും മുകളിൽ ചുവന്ന ബട്ടൺ പിടിപ്പിച്ച ഒരു പെട്ടി ഉപയോഗിക്കാവുന്നതാണ്.

---

കുറിപ്പുകൾ

[1]അമേരിക്കക്കാർ ഓരോ വർഷവും ഏതാണ്ട് ദശലക്ഷക്കണക്കിന് കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. "അമേരിക്കയുടെ നിയമത്തോടും കേസിനോടും ഉള്ള ഇഷ്ടം" എന്നതിനെ കുറിച്ചു ഒരു മാദ്ധ്യമ പ്രവർത്തകൻ അടുത്ത സമയത്ത് സംസാരിക്കുകയുണ്ടായി. [2]മത്തായി 5:39. [3]എങ്ങനെയായാലും, "ഉറവിടം പരിഗണിക്കുക," എന്നു ഞാൻ, പറയുമ്പോൾ, എന്റെ മനസ്സിൽ ശൗലിന്റെ മാത്രം മാനസികാവസ്ഥയെക്കാൾ അധികമായി ഉണ്ട് - നാം എല്ലാം പിന്നീടു കാണും. [4]കെജെവി നോക്കുക. [5]ശൗൽ എന്തുകൊണ്ടു ദാവീദിനെയും അവന്റെ ആളുകളെയും കണ്ടില്ല? ആദ്യത്തെ സ്ഥലത്ത്, ഇരുട്ടിൽ തന്റെ കണ്ണിനെ ശരിയാക്കി എടുക്കുവാൻ സമയം വേണ്ടിയിരുന്നു. രണ്ടാമത്തെ സ്ഥലത്ത്, ദാവീദും അവന്റെ അറുന്നൂറുപേരും ഗുഹയ്ക്കു പിന്നിലായിരുന്നു ("ഏറ്റവും അകത്തുള്ള ദുർഗ്ഗത്തിൽ") ഒരുപക്ഷെ പുറത്തേക്കു തള്ളിനിൽക്കുന്ന, പാറയുടെ സ്വാഭാവിക മറവിൽ, ആയിരുന്നേക്കാം. [6]മറ്റൊരു ചിത്രീകരണം പരിഗണിക്കുക: സൈന്യത്തിലുള്ളവരെ പഠിപ്പിച്ചിരുന്നത് അവർ സല്യൂട്ട് ചെയ്യേണ്ടത് മനുഷ്യരെയല്ല, റാങ്കിനെയാണ് എന്നാണ്. [7]എൻഎഎസ്ബി യിലെ കുറിപ്പ് നോക്കുക. [8]ഈ വേദഭാഗത്തിലെ കുറിപ്പു നോക്കുക: "പല കയ്യെഴുത്തു പ്രതികളും ഇവിടെ കൂട്ടിച്ചേർക്കുന്നു: *നിനക്കെതിരായി.*" കെജെവിയും മറ്റു തർജ്ജിമകളും ഈ യോഗ്യമായ പദപ്രയോഗത്തിൽ ചേർത്തിരിക്കുന്നത് നോക്കുക. [9]യേശു ഇത് "രഹസ്യത്തിൽ" ചെയ്യുവാനാണ് പറഞ്ഞത്, എന്നാൽ ആ വാക്കുകൾ ദാവീദിന്റെ സാഹചര്യത്തിൽ പ്രായോഗികമല്ലാത്തതുകൊണ്ട് ഞാനതു വിട്ടുകളഞ്ഞു. ദാവീദിന് ശൗലിനോട് തന്റെ ജീവൻ പണയപ്പെടുത്താതെ "രഹസ്യത്തിൽ" സംസാരിക്കുവാൻ കഴിയുമായിരുന്നില്ല. [10]ആ സമയം അവിടെ വെച്ച് ദാവീദ് ശൗലിനെ നേരിടുവാൻ തീരുമാനിച്ചത് മുൻകൂട്ടി തീരുമാനിച്ച സാഹസം തന്നെയായിരുന്നു. ശൗലും അവന്റെ സൈന്യവും വളരെ അടുത്തു തന്നെയായിരുന്നു. ദാവീദ് വിജയിച്ചില്ലായിരുന്നുവെങ്കിൽ, അവനും അവന്റെ ആളുകളും ജീവനുവേണ്ടി യുദ്ധം ചെയ്യേണ്ടിവരുമായിരുന്നു. നേരിടുന്നതിൽ എല്ലായ്പ്പോഴും ഒരു മുൻകൂട്ടി തീരുമാനിച്ച സാഹസം ഉണ്ടാവും.

[11]ശൗൽ പ്രായമുള്ളവനായിരുന്നു എന്നതിനും, രാജാവ് ആ ദേശത്തിന്റെ ആത്മീയ അദ്ധ്യക്ഷനാകേണ്ടവനാണ് എന്നതിനും, പിന്നെ / അല്ലെങ്കിൽ ശൗൽ അവന്റെ അമ്മായി-യ-പ്പൻ ആയിരുന്നു എന്ന വസ്തുതക്കും ഇത് ബഹുമാനം കൊടുക്കുന്നു. [12]നോക്കുക മത്തായി 5:10–12. [13]ശൗലിനെ കുറിച്ചുള്ള പരമ്പരയുടെ പിന്നീടുള്ള ഭാഗത്തിൽ, നാം ശൗലിന്റെ മനസ്താപത്തെ – അല്ലെങ്കിൽ മനസ്താപ കുറവിനെ ചർച്ച ചെയ്യും. [14]ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തെയും വിഷദാംശങ്ങൾ കുറിക്കുന്നതു വിഷമകരമാണ് – അതോടൊപ്പം മുഷിപ്പിക്കുന്നതുമാണ്. [15]ഈ കർമ്മേൽ സ്ഥിതി ചെയ്തിരുന്നത് യെഹൂദ്യയിൽ, മാവോന് അടുത്തായിട്ടായിരുന്നു. രാജ്യത്തിന്റെ വടക്കുഭാഗത്തുള്ള കടൽക്കരയിൽ സ്ഥിതിചെയ്യുന്ന കർമ്മേൽ പർവ്വതമല്ല അത്. [16]എബ്രായ വാക്ക് തർജ്ജിമ ചെയ്ത "റിച്ച്" എന്നതിന്റെ അക്ഷരികമായ അർത്ഥം "ഘനമുള്ള"; അമേരിക്കയിൽ നാം പറയുന്നത് നാബാൽ "ലോഡഡ്" ആയിരുന്നു എന്നാണ്! [17]വേദഭാഗത്തിൽ "അവൻ കാലേബ്യനായിരുന്നു" എന്നും പറയുന്നു. ഇത് യോശുവയോടു കൂടി ഉണ്ടായിരുന്ന വിശ്വസ്തനായ സഹപ്രവർത്തകനായ, കാലേബ്യന്റെ പിൻഗാമി ആയിരുന്നു അവൻ എന്ന വസ്തുതയെ സൂചിപ്പിക്കാം, അല്ലെങ്കിൽ (ശേഷിച്ച വിവരണങ്ങൾ വില കുറയ്ക്കുന്നതായ കൊണ്ട്) അവൻ "പട്ടിയെ – പോലെ" ("കാലേബ്" എന്നതിന്റെ മൂലാർത്ഥം), ആയിരുന്നു എന്ന പരിഹാസ്യ പദത്തെ അർത്ഥമാക്കാം. [18]അക്ഷരികമായി "ബിലയാലിന്റെ മകൻ," എന്നതിന്റെ അർത്ഥം "യോഗ്യമല്ലാത്തവന്റെ മകൻ." [19]അപരിചിതമായ കാര്യങ്ങൾ സംഭവിച്ചിട്ടുണ്ട്. പേരുകളുടെ അർത്ഥം കണക്കാക്കാതെ മാതാപിതാക്കൾ കുട്ടികൾക്ക് ധാരാളം പേരുകൾ ഇടാറുണ്ട് കാരണം, അങ്ങനെ വിളിച്ചുകേൾക്കാൻ അവർ ഇഷ്ടപ്പെടുന്നു. [20]സാറാ, ബേത്ത്ശേബാ, വസ്തി എന്നിവരാണ് മറ്റു മൂന്നുപേർ.

[21]സദൃശവാക്യങ്ങൾ 15:2; 18:6, 7; 29:11; മുതലായവ. [22]ഈ പോയിന്റിനെ സംബന്ധിച്ച് കെജെവിയിൽ നൽകിയിട്ടുള്ളത് കൃത്യതയുള്ള തർജ്ജിമയാണ്, എന്നാൽ "മെയിൽ" എന്നത് കണക്കാക്കേണ്ടതാണ്. [23]ശൗലും സ്വയ–കേന്ദ്രീകൃത നാബാലും തമ്മിൽ, പല സമാനതകളും ഉണ്ട്. നാബാൽ എന്നതിന്റെ അർത്ഥം "ഭോഷൻ" എന്നാണ്, അതേ പേരു തന്നെയാണ് ശൗൽ അടുത്ത അദ്ധ്യായത്തിൽ അവനെ കുറിച്ചു സ്വയം പറഞ്ഞിരിക്കുന്നത് എന്നും ഓർക്കുക (1 ശമുവേൽ 26:21). [24]ദാവീദും അവന്റെ ആളുകളും നിന്നിരുന്ന സ്ഥലത്ത്, അവൾ അവരുടെ വശത്ത് അവരെ സന്തോഷിപ്പിക്കുന്നതിനു പോലും നിന്നിരിക്കാം. [25]ഒ.വാ. മലാഖി 2:14; മത്തായി 19:6. [26]വേദഭാഗം പറയുന്നു, "അവൾ തന്റെ ഭർത്താവിനോടു പറഞ്ഞില്ല" (1 ശമുവേൽ 25:19). അവൾ കീഴ്പ്പെട്ടിരിക്കുന്നതിൽ പരാജയപ്പെട്ടുവോ? അവൾ നാബാലിന്റെ ജീവൻ രക്ഷിക്കുവാൻ പോകുന്നതുകൊണ്ട്, നമ്മളിൽ മിക്കപേരും അവളെ കുറ്റപ്പെടുത്തുമോ എന്നതിൽ സംശയമുണ്ട്. ചിലപ്പോൾ എന്റെ ഭാര്യ എന്നെ പരിശോധിക്കാതെ എനിക്കു പ്രതിരോധം തീർക്കാറുണ്ട്, ഞാൻ അതിനെ അനുമോദിക്കുകയും ചെയ്തിട്ടുണ്ട്. [27]സ്വിന്റൽ കൂട്ടിച്ചേർത്തു, "പ്രത്യേകിച്ച് കയ്യിൽ ഒരു പാത്രമുള്ളവൾ!" "കോപമുള്ള മനുഷ്യന് തിന്മാൻ എന്തുകൊടുക്കണം" (എൻ.പി., എൻ.ഡി.), സൗണ്ട് കാസറ്റ്. [28]അബീഗയിലിന്റെ 1 ശമുവേൽ 25:29–ലെ പ്രസ്താവന, "ദൈവം നിന്റെ ജീവനെ സംരക്ഷിക്കുകയും നിന്റെ ശത്രുക്കളുടെ ജീവൻ എടുക്കുകയും ചെയ്യും" എന്ന വിചിത്രമായ രീതിയിലുള്ള പറച്ചിലാണ്. [29]അടുത്ത രാജാവ് ദാവീദ് ആയിരിക്കുമെന്ന് അബീഗയിൽ എങ്ങനെ അറിഞ്ഞു? ഒരുപക്ഷെ "ദാവീദോ പതിനായിരത്തെ കൊന്നു" എന്ന ഗാനം അവൾ കേട്ട് അടുത്ത വാഴ്ച്ചക്കാരൻ അവനായിരിക്കുമെന്ന് ഊഹിച്ചിരിക്കാം. ഒരുപക്ഷെ ശൗലിന്റെ വാക്കുകൾ (1 ശമുവേൽ 24:20) ആ പ്രദേശം മുഴുവൻ വ്യാപിച്ചിരിക്കാം. ചിലർ വിചാരിക്കുന്നത് അവളുടെ വാക്കുകൾ ദൈവശ്വാസിയമായിരുന്നു എന്നാണ്. [30]യാക്കോബ് 3:17 നോക്കുക. അബീഗയിലിന് തന്റെ സ്വന്തം ഭർത്താവിനോടു സംസാരിക്കുവാൻ കഴിഞ്ഞില്ല; എന്നാൽ അവൾക്ക് ദാവീദി

നോടു സംസാരിക്കുവാൻ കഴിഞ്ഞു.

[31]റിക്ക് ആച്ച്ലേ പറഞ്ഞു, "അനുമോദനത്തിന് വീട്ടിൽ വരുന്നതിനു പകരം, അബീഗയിൽ വീട്ടിൽ വന്നത് ലഹരി പിടിച്ച അവസ്ഥ കാണുന്നതിനായിരുന്നു." "ബ്യൂട്ടി ആന്റ് ദ ബീസ്റ്റ്" (എൻ.പി., എൻ.ഡി.), സൗണ്ട് കാസറ്റ്. [32]വേദഭാഗം പറയുന്നു, "അവനൊരു കല്ലുപോലെ ആയി തീർന്നു." [33]യേശുവിന്റെ ലൂക്കൊസ് 12:16-21 ലെ ഉപമയിലെ ധനികനായ മൂഢന്റെ മാതൃകയാണ് നാബാൽ എന്നു പറഞ്ഞാൽ അതിൽ ഒരാൾ അതിശയിക്കുവാനേ കഴിയൂ. [34]വിവാഹാലോചനയ്ക്കുള്ള അവളുടെ മറുപടി ഇതായിരുന്നു: "ഇതാ, അടിയൻ യജമാനന്റെ ദാസന്മാരുടെ കാലുകളെ കഴുകുന്ന ദാസി" (25:41). ഇതിനെ സംബന്ധിച്ച് സ്വിന്റലിന്റെ അഭിപ്രായം, "പ്രിയരേ, നിങ്ങളുടെ വിവാഹാലോചനയിൽ ഒരാൾ ഇങ്ങനെ പ്രതികരിക്കുമെങ്കിൽ, അവളെ സ്വീകരിച്ചുകൊൾക!" [35]1 ശമുവേൽ 25:43, 44-ലെ അന്തരം ശ്രദ്ധിക്കുക. വാക്യം 44 പറയുന്നതു ശൗൽ മീഖളിനെ മറ്റൊരാൾക്കു കൊടുത്തു എന്നാണ്; വാക്യം 43 പറയുന്നു അബീഗയിൽ ദാവീദിന്റെ രണ്ടാം ഭാര്യയായി തീർന്നു എന്നാണ്. എപ്പോഴെല്ലാം ദാവീദിൽ നിന്ന് ശൗൽ എന്തെങ്കിലും എടുത്തുമാറ്റിയോ, അപ്പോഴെല്ലാം ദൈവം അതിനു പകരം കൊടുത്തിരുന്നു. [36]ചില വിമർശകർ പറയുന്നത് ഇത് "ഒരേ സംഭവത്തിന്റെ മറ്റൊരു വേർഷൻ" ആണെന്നാണ്. എങ്ങനെയായാലും, അത്തരം നിഗമനത്തിന് വേദഭാഗത്ത് തെളിവില്ല. രണ്ടു സംഭവങ്ങൾക്കും ധാരാളം വ്യത്യാസങ്ങൾ ഉണ്ട്. [37]ഈ കുന്നിന്റെ യഥാർത്ഥ സ്ഥാന നിർണ്ണയം അജ്ഞാതമാണ്. അത് "യശിമോന്റെ" അടുത്തായിരുന്നു, അതിന്റെ അർത്ഥം "മരുഭൂമി" എന്നാണ്. അത് സിഫ്യ മരുഭൂമിയുടെ അടുത്തായിരുന്നു (26:2) എന്നു കാണാം. [38]ഇത് സൂചിപ്പിക്കുന്നത് ശൗൽ "പാളയത്തിൽ കിടന്നിരുന്നു" എന്നാണ് (26:5). [39]അവൻ സെരൂയയുടെ മകനായിരുന്നു (26:6), ദാവീദിന്റെ സഹോദരിമാരിൽ ഒരാളായിരുന്നു അവൾ (ഒ.വാ. 1 ദിനവൃത്താന്തം 2:16). ദാവീദ് പത്തു മക്കളിൽ ഇളയവനായതുകൊണ്ട്, അവന് അവനെക്കാൾ പ്രായമുള്ളതോ അവനോടൊപ്പം പ്രായമുള്ളതോ ആയ, സഹോദരീസഹോദരന്മാരും, അവരുടെ മക്കളും ഉണ്ടായിരുന്നേക്കാം. [40]ഒരു ആക്രമണം പെട്ടെന്നുണ്ടായാൽ ഉപയോഗിക്കേണ്ടതിനായിരുന്നു കുന്തം അടുത്തു തന്നെ വെച്ചിരുന്നത്. ഒരുപക്ഷെ, എങ്ങനെയായാലും, അത് ആ പാളയത്തിന്റെ "തലസ്ഥാനം" എവിടെയാണെന്നു സൂചിപ്പിച്ചു. ആ കുന്തം സ്പഷ്ടമായും ശൗലിന്റെ സ്ഥാനത്തിന്റെ അടയാളമായി, ചെങ്കോൽ പോലെ അവൻ ഉപയോഗിച്ചിരുന്നു.

[41]അദ്ധ്യായം 24-ൽ, ദൈവം അവനോടു പ്രതികാരം ചെയ്യട്ടെ എന്നാണ് ദാവീദു പ്രാർത്ഥിച്ചത് (വാ. 12); ഇപ്പോൾ അതങ്ങനെ ആകുമെന്ന വിശ്വാസവും അവൻ പ്രകടിപ്പിച്ചു. [42]1 ശമുവേൽ 26:14 നോക്കുക. ദാവീദ് അബ്നേരിനെ സംബോധന ചെയ്യുന്നുവെങ്കിലും, രാജാവിനെ സംബോധന ചെയ്തതായിട്ടാണ് അബ്നേർ ഇതു കണക്കാക്കിയത്, കാരണം അന്നത്തെ നിയമാവലി അനുസരിച്ചു, രാജാവിനെ നേരിട്ട് സാധാരണ സംബോധന ചെയ്യാറില്ലായിരുന്നു. [43]ശൗലിന്റെ സൈന്യത്തിൽ അബ്നേരിനെ പോലെ മറ്റാരും ഇല്ലായിരുന്നു; ശൗലിന്റെ കുഴപ്പം പിടിച്ച ജീവിതത്തിൽ വിശ്വസ്തനും ധൈര്യശാലിയുമായ മറ്റാരും ഇല്ലായിരുന്നു. അബ്നേർ മരിച്ചപ്പോൾ, ദാവീദു പറഞ്ഞതു, "യിസ്രായേലിൽ പ്രഭുവും മഹാനുമായിരുന്ന മനുഷ്യൻ വീണുപോയി" എന്നാണ് (2 ശമുവേൽ 3:38). [44]"ദാവീദ്: മുഖവുര"എന്ന പാഠം നോക്കുക. [45]ദാവീദ് ഈ സാധ്യതയെ അദ്ധ്യായം 24-ലെ തന്റെ പ്രസംഗത്തിൽ പറയുന്നുണ്ട്. ചിലർ കരുതുന്നത് കൂശ് ശൗലിനെ ചലിപ്പിച്ചു എന്ന് സങ്കീർത്തനങ്ങൾ 7 സൂചിപ്പിക്കുന്നു എന്നാണ് (സങ്കീർത്തനത്തെ കുറിച്ചുള്ള മുഖവുര നോക്കുക; കൂശും ശൗലും ബെന്യാമീന്യരായിരുന്നു). [46]ദാവീദിന് ദൈവത്തെ കുറിച്ചു പ്രാദേശികമായ ധാരണയുണ്ടായിരുന്നു എന്നല്ല ആ വാക്കുകൾ വ്യക്തമാക്കുന്നത്; മറിച്ച് ദൈവം തന്റെ ജനത്തോടൊപ്പം പ്രത്യേകമായി ഉണ്ടായിരുന്നു

വെന്നും, ദൈവത്തിന്റെ സാന്നിധ്യം അതിവിശുദ്ധ സ്ഥലത്ത് പ്രത്യേകമായി ഉണ്ടായിരുന്നു എന്നതിനുമുള്ള തെളിവായിരുന്നു അത്. [47]ബൈബിളിലെ മറ്റാരെക്കാളും കൂടുതലായി ശൗൽ ഇതു പറഞ്ഞു – എന്നാൽ അത് അവനെ ഒരിക്കലും മാറ്റിയില്ല എന്നു തോന്നുന്നു. യഥാർത്ഥ മാനസാന്തരത്തിനുശേഷം പാപം ഏറ്റു പറയുന്നത് സംഭവിക്കുന്നില്ലെങ്കിൽ, അതു വിലയില്ലാത്തതാണ്. [48]1 ശമുവേൽ 24:11. [49]1 ശമുവേൽ 25:44. [50]''യാശറിന്റെ പുസ്തകം'' വാക്യം 18-ൽ പറഞ്ഞിരിക്കുന്നു; അത് യോശുവാ 10:13-ലും പറഞ്ഞിട്ടുണ്ട്. പ്രാരംഭ കവിതകളിലും കവിതാശേഖരങ്ങളിലും അത് സ്പഷ്ടമായി കാണാം.

[51]ഗാത്തും അശ്കലോനും ഫെലിസ്ത്യ പട്ടണങ്ങളായിരുന്നു. അവ മുഴുവൻ ഫെലിസ്ത്യദേശത്തിനും വേണ്ടി നിലകൊള്ളുന്നു. [52]ഗിൽബോവാ പർവ്വതങ്ങളിൽ ഒരു ശാപമുണ്ടായിരുന്നു; അവിടെയാണ് ശൗലും യോനാഥാനും മരിച്ചത്. [53]കവചങ്ങൾ തോൽ കൊണ്ട് ഉണ്ടാക്കുകയും പൊട്ടാതിരിപ്പാൻ എണ്ണയും ഇട്ടിരുന്നു; ഇപ്പോൾ ശൗൽ മരിക്കുകയും അവന്റെ ആയുധങ്ങൾ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. [54]യുദ്ധത്തിനു ശേഷം ശൗൽ ജയിച്ചു മടങ്ങിവരുമ്പോൾ, അത്തരം വിജയാഘോഷം അവന്റെ മഹത്വത്തിൽ നടത്തിയിരുന്നു. [55]ഒരുപക്ഷെ, അവരുടെ ആയുധങ്ങളേക്കാൾ ശൗലിനെയും യോനാഥാനെയും ആയിരിക്കാം ഇത് സൂചിപ്പിച്ചത്. [56]നാം എല്ലാവരും പൂർണ്ണതയിൽ കുറവുള്ള ജീവിതമാണ് നയിക്കുന്നത് (റോമർ 3:23). [57]വില്യം പെയിന്റർ *ദ പാലസ് ഒഫ് പ്ളെഷർ* എന്നതിൽ, ലൂയിസ് കോപ് ലാന്റ്, എഡി., *പോപുലർ കൊട്ടേഷൻസ് ഫൊർ ആൾ യൂസസ്* എന്നതിൽ ഉദ്ധരിച്ചിരിക്കുന്നു (ഗാർഡൻ സിറ്റി, എൻ.വൈ.: ഡബിൾഡേ & കമ്പനി., 1961), 392. [58]ദൈവം “നമ്മുടെ അകൃത്യങ്ങളെ ഇനി ഓർക്കുകയില്ല,” എന്നാൽ ദൈവം സർവ്വശക്തനായതിനാൽ, അതു സംഭവിച്ചു എന്നു അവനറിയാം. “സെവെന്റി ടൈമ്സ് സെവൻ,” എന്നതിനെ കുറിച്ചു *ട്രൂത്ത് ഫോർ ടുഡേ* (ജൂലായ് 1993), 4 – ലുള്ള എന്റെ പ്രസംഗം നോക്കുക. [59]ബോബ് സ്റ്റിവർട്ട്, *റിവെഞ്ച് റിഡീമ്ഡ്* (റ്റാറിടൗൺ, എൻ.വൈ.: ഫ്ളെമിങ് എച്ച്. റിവൽ കമ്പനി., 1991). ഈ പുസ്തകം ആർക്കും വായിക്കാം. എന്റെ അറിവിൽ, ഈ പുസ്തകം മാത്രമാണ് പൊതുവായ സദസ്സിനുവേണ്ടി എഴുതപ്പെട്ടതും സഭയെ കുറിച്ചും രക്ഷയുടെ നിബന്ധനകളെ കുറിച്ചും പഠിപ്പിക്കുന്നതുമായ മുഖ്യ പ്രസിദ്ധീകരണവും.